# BISHOP ABRAHAM MEMORIAL COLLEGE

THURUTHICAD




Bishop Abraham Memorial




# സമർപ്പണം

സമര പോരാട്ടങ്ങളിൽ മുന്നിൽ നിന്ന്
നയിച്ചവർക്കും
കേരളം കണ്ട മഹാപ്രളയത്തിൽ
നിന്നും
കോവിഡ് കാലഘട്ടത്തിൽനിന്നും
കേരളത്തെ കൈപിടിച്ചുയർത്തിയ
ഒരായിരം കൈകൾക്കും
ഈ മാഗസിൻ സമർപ്പിക്കുന്നു...

# B.A.MCOLLEGE, THURUTHICADE

ESTD 1965



## Our Patron


## BISHOP ABRAHAM MAR THOMA METROPOLITAN



Our Founder
REV. DR. T.C.GEORGE



Our Manager
ENGR. ABRAHAM J GEORGE



Former Manager
PROF: THOMAS ABRAHAM



ഈ നൂറ്റാണ്ടിന്റെ ആദ്യപാദം സംഭവ ബഹുലമാണ്, ഒപ്പം സങ്കീർണവും. സാമൂഹ്യ- സാമ്പത്തിക- രാഷ്ട്രീയ- സാംസ്കാരിക മേഖലകളിൽ നാം മുമ്പെങ്ങും ദർശിച്ചിട്ടില്ലാത്ത മാറ്റങ്ങൾക്കും സമവാക്യങ്ങൾക്കും നാന്ദികുറിച്ച നൂറ്റാണ്ട്. ദുരന്തങ്ങൾ കൊണ്ടും മഹാരോഗങ്ങൾകൊണ്ടും വീർപ്പുമുട്ടിയ കാലഘട്ടം. ലോകത്താകമാനം ജനത സ്വന്തം ഭരണകൂടത്തോട് ജീവിക്കാനുള്ള അവകാശത്തിനായി പൊരുതുന്ന ഒരു കാലം ഇത്തരം സങ്കീർണ സമസ്യകളിൽ സ്വന്തം ഇടവും വ്യക്തിത്വവും അടയാളപ്പെടുത്താൻ ശ്രമികുന്നയുവതെയാണ് നമ്മുടെ ക്യാമ്പസുകളിൽ ഇന്നുള്ളത്.

പാതിമുറിഞ്ഞ കലാലയ വർഷമാണ് കടന്നുപോയത്. 2019 ഡിസംബർ ലോകചരിത്രത്തിലെ നിർണ്ണായക മാസമാണ്. 2020 നിർണ്ണായക വർഷവും കോവിഡ് ചിറകരിഞ്ഞ കലാലയ വര്ഷം കോവിഡ് താളംതെറ്റിച്ച വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാത്തരം ദുരന്തങ്ങളും ആവോളം പേറിയ ഒരു യുവതയാണ് നമ്മുക്ക് മണ്ണിൽ ഉള്ളത്. ദേശ ഭാഷാന്തര വ്യത്യാസങ്ങളില്ലാതെ ലോകം അതിനെ സധൈര്യം നേരിടുന്നു

ഒരു വിടപറയൽ ചടങ്ങുപോലും നടത്താതെ ഒരു കലാലയ വർഷം നാമവസാനിപ്പിച്ചു. വീടിന്റെ നാലു ചുവരുക്കൾക്കുള്ളിലേക്കു ലോകം ചുരുക്കപ്പെട്ടു, യൗവ്വനം ഒറ്റപെട്ടു. എന്നിട്ടും ലോകത്തിന്റെ അനന്ത സാധ്യതകളിലേക്ക് നാം വാളാട്ടെറിഞ്ഞു വീട്ടിലിരുന്നു പഠനം പൂർത്തീകരിച്ചു. പുതിയ പഠനങ്ങളിലേക്കും പഠന സംവിധാനങ്ങളിലർക്കും കണ്ണും കാതും കൂർപ്പിച്ചു. സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളെ ഉപയോഗപ്പെടുത്തി. അടിക്കടി വന്ന ഏതു ദുരന്തത്തെയും ,മറികടന്നപോലെ ഈ നിമിഷവും നാം അതിജീവിക്കും.സാമൂഹ്യാകാലം എന്നത് ചിന്തകളിലെ അകലമല്ല, ഭാവനയുടെ വൈരുധ്യമല്ല, പരസ്പര്യത്തിലെ വീഴ്ചയാണ്,ജ്ഞാനവിജ്ഞാനങ്ങളിലെ വിടവാളേ, മനുഷ്യബന്ധങ്ങളിലെ അകലമല്ല പകരം ഒരു ചങ്ങലയിലെ കണ്ണിറുക്കൽ പോലെ സൈബർ ലോകത്ത് നാം കൊടുകെട്ടിയതിന്റെ ചുരുക്കെഴുത്താണ്.

വിദ്യാർത്ഥി സുഹൃത്തുക്കളെ ഈ നിമിഷവും കടന്നുപോകും. തീയിൽ കുരുത്തത് വെയിലത്തുവാടുമോ? ദുരന്തങ്ങളെ അതിജീവിച്ചുകൊണ്ടിരിക്കുന്ന ഒരു തലമുറയുടെ ആഘോഷങ്ങളുടെ വർഷങ്ങളെവിടെ ഇനി വിടരുന്നത്

**ഡോ.ബിജു.റ്റി. ജോർജ്ജ്**
(പ്രിൻസിപ്പൽ)



I AM HAPPY TO KNOW THAT THE COLLEGE UNION OF BISHOP ABRAHAM MEMORIAL COLLEGE , THURUTHICAD,IS BRINGING OUT A MAGAZINE FOR THIS ACADAMIC YEAR. I EXTEND MY GOOD WISHES TO THE MAGAZINE AND THE ACADAMIC FRATERNITY THERE.

**-SRI. PINARAYI VIJAYAN**
**HONOURABLE CHIEF MINISTER, KERALA**



I am happy to know that the college union of BISHOP ABRAHAM MEMORIAL COLLEGE , THURUTHICAD,is bringing out a magazine for this acadamic year.
I hope that the union will put all effort to ensure that the magazine is rich in contet and elegant in appearance. I wish all success to the endeavour

**-DR. K.T JALEEL**
**HONOURABLE MINISTER FOR HIGHER EDUCATION, KERALA**



ലോകജനതയുടെ ജീവിത ചക്രത്തെ തന്നെ നിശ്ചലമാക്കിയ കോവിഡ് 19 എന്ന മഹാമാരി വിദ്യാഭ്യാസ മേഖലയെയും പ്രതിസന്ധിയിലാക്കിയ വർഷങ്ങളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത് കലാലയത്തിന്റെ ഹൃദയസ്പന്ദനം എന്നും കുട്ടികളാണ്. അത് നിലച്ച അപൂർവ്വ സാഹചര്യമായിരുന്നു.ഈ വർഷം ഈ അപൂർവ്വതയെ സ്വീകരിക്കുക എന്നല്ലാതെ മറ്റൊരു മാർഗ്ഗവും നമ്മുടെ മുൻപിൽ ഉണ്ടായിരുന്നില്ല. എങ്കിലും ധീരരായ നമ്മുടെ ഭരണാധികാരികളുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും, രക്ഷാകർത്താക്കളുടെയും സംഘടിത പ്രവർത്തനങ്ങളിലൂടെ കുട്ടികളെ വീടുകളിൽ സുരക്ഷിതരായി ഇരുത്തികൊണ്ട് ഓൺലൈൻ മാധ്യമങ്ങൾ വഴി പാഠഭാഗങ്ങൾ പഠിക്കുവാൻ സാധിച്ചു. സ്തുത്യർഹമായ മുന്നേറ്റം തന്നെയാണ് നിസ്സംശയം പറയാൻ സാധിക്കും.

കലാലയ ജീവിതത്തിന്റെ ഒരു വർഷം നഷ്ടപ്പെട്ട കുസൃതി കുട്ടികൾ ഈ പടി വിട്ട് ജീവിതത്തിലെ മറ്റു മേഖലയിലേക്ക് ചേക്കേറുന്ന വേളയിൽ എന്നും ഒരു തീരാ നഷ്ടമായി ഈ ഒരു വർഷം അവരുടെ മുന്നിൽ ഉണ്ടാകും എന്നത് യാഥാർത്ഥ്യമാണ്. എങ്കിലും ഈ നഷ്ടത്തെ ലാഭം ആക്കി മാറ്റുവാൻ കഴിവുള്ളവരാണ് നമ്മുടെ എല്ലാ വിദ്യാർത്ഥികളും. നിശ്ചയദാർഢ്യത്തോടെ മുന്നേറാനുള്ള ഊർജ്ജം സിരകളിൽ സൂക്ഷിക്കുന്ന യുവജനതയ്ക്ക് മുന്നിൽ കൊവിഡ്-19 എന്ന മഹാമാരി പോലും വിറങ്ങലിച്ചു നിൽക്കും എന്നതിന് ഉത്തമ ഉദാഹരണമാണ് ഈ കോളേജ് മാഗസിൻ. ഏതു പ്രതിസന്ധി ഘട്ടവും തരണം ചെയ്യുവാൻ സാധിക്കും എന്ന ഓർമ്മപ്പെടുത്തൽ നൽകിക്കൊണ്ട് ഇതാ ഒരു കോളേജ് മാഗസിൻ കൂടി - ' ഈ നേരവും കടന്നുപോകും'.

എല്ലാ പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് ഈ മാഗസിൻ പുറത്തിറക്കുവാൻ ഒപ്പം നിന്ന എല്ലാവർക്കും അതിനുപിന്നിൽ അക്ഷീണം പ്രയത്നിച്ച വർക്കും സർവ്വോപരി മനസ്സുകൊണ്ടും പ്രാർത്ഥന കൊണ്ടും അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞവർക്കും അകൈതവമായ നന്ദി അർപ്പിച്ചുകൊണ്ട്

ശ്രീരേഷ് . ഡി
( സ്റ്റാഫ് എഡിറ്റർ )

# EDITORIAL BOARD



Ajin Varughese



Ajay Krishnan



Noel Philip



Sibin Mathew Skariah



Vipin Vijayan




Richu Thomas Abraham



Roshan Jacob



Dona Tom



Anandhu Aromal



Remya Balan




Joyesh Pothen



Thomas Mathew



Shamnad Anzary



Sijin Issac



Arpith Biju Mathew



Sudhadra K S

# COLLEGE UNION 2019-20


Jemson T Thomas
U. U. C


Anandhu Aromal
U. U. C


Vipin Vijayan
( Arts club secretary )


Ajin Varughese
( magazine editor )


Selda m saji
Lady rep


Anju Ajesh
Vice chairperson



Jeffin M Varghese
General secretary


Ajay krishnan
chairperson



Merin Mariam lorence
Lady rep


Jeffin Varghese James
1 st year rep


Jubin k Johnson
2nd year rep


Jobin Varghese
3 Rd year rep


Remya Balan
1 st PG representative


Renju R
2nd PG representative

# INDEX


| | | |
|---|---|---|
| 1 | ചങ്കത്തി | 12 |
| 2 | സ്പന്ദനം | 12 |
| 3 | ഓർമ്മയുടെ മുന്തിരിത്തോപ്പുകൾ | 13 |
| 4 | എന്റെ കലാലയം | 14 |
| 5 | ഇൻസൽട്ട് ആണ് മോനെ ജീവിതത്തിലെ ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റ് | 15 |
| 6 | കലാലയത്തിലൂടെ | 16 |
| 7 | നീ എന്ന ഞാൻ........ | 16 |
| 8 | MESSI THE REAL HERO | 17 |
| 9 | ദളിതൻ | 18 |
| 10 | പ്രളയം | 19 |
| 11 | സൈന്യവും രാഷ്ട്രീയവും | 20 |
| 12 | നീറുന്ന മനസ്സും കരയുന്ന ഹൃദയവും | 20 |
| 13 | കറുപ്പ് | 21 |
| 14 | അവൾ......പെണ്ണ് | 22-23 |
| 15 | മാറ്റൊലി 2020- ന്റെ പിന്നാമ്പുറം | 24-25 |
| 16 | LANGUAGE AND SOCIETY | 26 |
| 17 | TIMES OF OUR LIFE | 27 |
| 18 | HINDI | 28 |
| 19 | അവർ കളിക്കളം വിടുമ്പോൾ ഒരു തിരിഞ്ഞുനോട്ടം | 29 |
| 20 | REPORTS | 30-45 |
| 21 | ART GALLERY | 46-47 |
| 22 | UNION INAUGURATION | 48 |
| 23 | ARTS FEST | 49-50 |
| 24 | ARTICLE 14 | 51 |
| 25 | ONAM & CHRISTMAS CELEBRATION | 52 |
| 26 | SPORTS GALLERY | 53 |
| 27 | നന്ദി | 56 |

# ചങ്കത്തി



Anagha Lal
( IInd B.A History )

കണ്ടമാത്രയിൽ മനസ്സിന്റെ ആഴങ്ങളിൽ
കടന്നുകൂടിയവൾ നീ എന്റെ ചങ്കത്തി
അന്നേ ഉറച്ചുപോയി ഓമലേ
നിൻ മുഖബിംബം എൻ ഹൃദയത്തുടുപ്പിൽ
ലയിച്ചതും

ഓർക്കുന്നുവോ സഖി നീ പ്രാണനായ നാൾ
സഹയാത്രികേ നീ എന്റെ സോദരിയായതും
സൗഹൃദം തൂകി പുഞ്ചിരിയേകി നീ
ഓടിയണയുന്നതിൽ കൗതുകം ബാല്യമോ

സ്നേഹം ചൊരിഞ്ഞഴകേകിയവളെ സുന്ദരി
നീ എന്റെ ജീവിതവീഥിയിൽ വെളിച്ചം വിതറവേ
സ്മരിക്കുന്നു നീ എനിക്കേകിയ ആനന്ദമൊക്കെയും
വിസ്മരിക്കില്ല നീ എന്ന സത്യത്തെയുമിതാ

എരിയുന്ന തിരിയെ ജ്വലിപ്പിച്ച സോദരി
അറിയുന്ന നിൻ അധരങ്ങളെന്നോട് മന്ത്രിച്ചതും
കൂടെയുണ്ടാവും, നൻ വാക്യചാതുരി മധുരമാംവണ്ണം
അലയിച്ചതല്ലയോ നീ എന്റെ കാതലിയാം ചങ്കത്തി



# സ്പന്ദനം

Ansha Amos
( IInd B.Sc Chemistry )



അറിയാതെ എന്നോ എൻ ഹൃത്തിൽ  ഇടം നീ
ഓർക്കുന്നു ഞാൻ നിൻ പ്രണയമാം സ്പന്ദനം
നിൻ ചൊടികളിൽ തെളിയുന്ന പ്രേമമാം പുഞ്ചിരി
എൻ ഹൃത്തിൽ വികാരനൗകയായി മാറുന്നു
പൂവിതൻ ഓളങ്ങൾ കൊഴിയുമെന്നപോലെ
നീ എങ്ങോ മാഞ്ഞുപോയി
വാക്കുകൾ കൊണ്ടേ മനം കവർന്ന നീ
വാക്കുകൾ കൊണ്ടേ തന്നെ  അകന്നുപോയി
നീ എന്ന സത്യം ഒരു സ്മാരകമായി
മനസ്സിൽ അലയടിക്കുമ്പോൾ
കണ്ണീർ മഴയായി പൊഴിയുന്നു ഞാൻ
ആഞ്ഞുവീശുന്ന കടൽത്തിരമാലപോലെ നീ
ആ ചുഴിക്കടിയിൽപ്പെട്ട് പൊലിയുന്ന
മൺവീണയായി ഞാൻ



Merlin V. Philip
( Ist B.com )

# ഓർമ്മയുടെ മുന്തിരിത്തോപ്പുകൾ

മുന്തിരിത്തോപ്പിലൂടെയവൾ നടന്നു മനസ്സു നിറയെ വേവലാതിയായിരുന്നു. അവളുടെ മനസ്സ് എന്തിനോ വോണ്ടി കരയുകയായിരുന്നു. മനസിലെ ചൂടിൽ നിന്നും ആശ്വാസം തരാൻ അവൾ ആ മുന്തിരിത്തോപ്പിനെ ആശ്രയിച്ചു. മുന്തിരിത്തോപ്പിലെ പുള്ളികുയിലിനെയും അണ്ണാറകണ്ണനേയുംമാണ് അവൾക്കിഷ്ടം. അവൾക്കുപോലും മനസിലാകാത്ത അവളുടെ ദുഃഖം
അവർക്കു മനസ്സിലാക്കുന്നതായിതോന്നും. അച്ഛനാണ് ഈ മുന്തിരിചെടികൾ നട്ടതെന്നും പുള്ളികുയിലും അണ്ണാറകണ്ണൻമാരും അച്ഛന്റെയും ചങ്ങാതിമാരാണെന്നും  അമ്മ പറഞ്ഞത് അവർക്ക് ഓർമ്മ വന്നു. അവൾ അച്ഛനെ കണ്ടിട്ടില്ല. അച്ഛനിപ്പോൾ എവിടെയെന്നും ആർക്കുമറിയില്ല. ആചോദ്യത്തിന്  അമ്മയുടെ കണ്ണീരാണുത്തരം.
സന്ധ്യയാകാറായി ഓരോന്ന് ആലോചിച്ച് അവൾ സമയം കളഞ്ഞു. പുള്ളികുയിൽ വന്ന് തോപ്പിന്റെ കോണിലേക്ക് പോയി. അവൾ പിറകെ ചെന്നു. കുയിൽ വിദൂരതയിലേക്ക് നോക്കിയിരിപ്പായി. അവളും അങ്ങോട്ട് ദൃഷ്ടി പതിപ്പിച്ച് നിന്നു. ദൂരെദൂരെ നിന്നൊരു വൃദ്ധൻ നടന്നുവരുന്നത് അവളുടെ ശ്രദ്ധയിൽപെട്ടു. അവശത നിഴലിച്ച കുഴിഞ്ഞ കണ്ണുകൾകൊണ്ട് അയാൾ ഇടക്കിടെ മാനത്തേക്ക് നോക്കുന്നുണ്ടായിരുന്നു. വടികുത്തി നടക്കാൻപോലും വയ്യ. പ്രായവും രോഗവും അയാളെ അവശനാക്കി.നടന്നു നടന്നു മുന്തിരിത്തോപ്പിന്റെ സമീപമെത്തി. മുന്തിരിവള്ളികളെയും നാമ്പുകളേയും നോക്കി ഒന്നുപുഞ്ചിരിച്ചു തോപ്പിലേക്ക് നോക്കി അവിടിരുന്നു. അയാൾ അവളെ ശ്രദ്ധിക്കുമെന്ന് അവൾക്ക് തോന്നി. അവളുടെ മനസ് വല്ലാതെ വേദനിച്ചു. പക്ഷെ അയാളുടെ മുഖത്തെ സന്തോഷം അവളെ അതിശയിപ്പിക്കും. ഇരുട്ട് പരക്കാൻ തുടങ്ങിയപ്പോൾ അവൾ വീട്ടിലേക്കു നടന്നു. തിരിഞ്ഞു നോക്കിയപ്പോഴും ചവച്ചുകൊണ്ട് മുന്തിരിവള്ളികളെ നോക്കിയിരിക്കുന്ന വൃദ്ധനെയവൾ കണ്ടു. അന്നവൾക്ക് ഉറക്കം വന്നില്ല.അമ്മയുറങ്ങി. മനസ്സു മുഴുവൻ ആ വൃദ്ധന്റെ അവശത നിറഞ്ഞ മുഖത്ത് ഇടയ്ക്ക് മിന്നിമറയുന്ന സന്തോഷമാരുന്നു.
പിറ്റേന്ന് സ്കൂൾ വിട്ട് വന്നപോൾ മുന്തിരിത്തോപ്പിലേക്ക് പോയി വൃദ്ധനെ അവിടെയെങ്ങും കണ്ടില്ല. മൗനത്തിലാണ്ട പുള്ളിക്കുയിലിനുമറിയില്ല ഒന്നും. പിന്നെ ആരോട് ചോദിക്കാൻ പക്ഷെ കൃത്യസമയത്ത് തന്നെ വൃദ്ധൻ വന്നു. പുള്ളികുയിലിന്റെ കാണാനാളത്തിൽ നിന്നും ഉയരുന്ന മധുരമായ ഗാനം ശ്രവിച്ചു അയാൾ മുന്തിരിത്തോപ്പ് വീക്ഷിച്ചു. അവൾ അയാളെ ശ്രദ്ധിച്ചു. കൂടുതൽ ചവച്ചുകൊണ്ടിരുന്ന വൃഡഥൻ അവളെ ശ്രദ്ധിച്ചതേയില്ല നിമിഷം ഏറും തോറും അയാളുടെ അവശത ഏറി വന്നു. അയാളുടെ ഇന്നത്തെ അവസ്ഥ അവളിൽ ഒരുപാട് ദുഖം ഉളവാക്കി. എന്തെങ്കിലും അയാൾ കഴിച്ചിട്ട് കുറെ ദിവസമായി കാണും. ഇപ്പോൾ അയാൾക്കെന്തെങ്കിലും പറ്റും. ചില ചിന്തകൾ കൊണ്ട് അവളുടെ മനസ്സ് നൊന്ത് പിടഞ്ഞു. അപരിചിതനായ ഈ വൃദ്ധൻ എന്തിനാണ് മുന്തിരിത്തോപ്പ് കാണാൻ വരുന്നത്
വൃദ്ധൻ മുന്തിരി നാമ്പുകളിൽ നിന്ന് കണ്ണെടുത്തില്ല അയാളത്  കാണുകയാണൊ എന്നറിയില്ല മുഖത്ത് അപ്പോഴും സന്തോഷം നിറഞ്ഞിരുന്നു. പെട്ടന്നയാൾ കുഴഞ്ഞുവീണു.വെള്ളത്തിനായി കേണുകൊണ്ട് നിലത്തുകിടന്നുരുണ്ടു. അവൾ സ്തബധയായി കുറച്ചു നിമിഷത്തേക്ക് അവൾക്ക് അനങ്ങാനായില്ല. പിന്നെ അവൾ അകത്തേക്കോടി കുറച്ചു വെള്ളം കൊണ്ടുവന്നു പതിയെയവൾ കുറച്ചുവെള്ളം ആ മുഖത്തേക്ക് തളിച്ചു. പുള്ളിക്കുയിലിന്റെ സ്വരം നിലച്ചു. എങ്ങും ശാന്തത വൃദ്ധന് അനക്കമൊന്നും ഉണ്ടായില്ല അവൾ കുറച്ചു വെള്ളം വായിലേക്ക് ഒഴിച്ചുകൊടുത്തു. അയാൾ പീടികത്തിണ്ണയിലെ തൂണിൽ ചാരിയിരുത്തി അമ്മയെ വിളിക്കാനായി അകത്തേക്ക് ഓടി . അമ്മ ഓടിവന്നു. മുന്തിരിത്തോപ്പിലൂടെ ഓടിയവർ ആ വൃദ്ധന്റെ അടുക്കലെത്തി. ആ വൃദ്ധനെ കണ്ടതും അമ്മ ഞെട്ടിതരിച്ചുപോയി മുഖത്ത് അവൾ വെള്ളം തളിച്ചപ്പോൾ അയാൾ പതിയെ കണ്ണു തുറന്നു. അയാൾ അവരെ നോക്കി ഓർമ്മ മറഞ്ഞ അയാൾക്ക് തന്റെ ഭാര്യയേയും മക്കളേയും തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിലും തന്റെ പുള്ളികുയിലിന്റെ പാട്ടും മുന്തിരിവള്ളിയുടെ പുതുനാമ്പന്റെ പച്ചപ്പും മറന്നില്ല. അയാളുടെ ദൃഷ്ടി വീണ്ടും പുള്ളികുയിലിനെത്തേടി.



# എന്റെ കലാലയം

ഇന്നും എന്നും ഒരു വസന്തമായി
പൂത്തു നിൽക്കുന്ന വാകമരങ്ങൾ
മനോഹരിയാക്കി
ക്യാന്റീനിലെ ഒരിത്തിരി കട്ടൻകാപ്പിയിൽ
ഒത്തിരി ഓതിയ ഇത്തിരി കാര്യങ്ങളൊക്കെയും
തന്നെയാണ് എൻ കലാലയ ജീവിതം
പ്രണയ ജോഡികൾക്കെന്നും
പ്രിയപ്പെട്ടയിടമായി മാറി.
വാകമരച്ചുവടുകൾ വരാന്തകൾ
കലാലയ വീഥികൾ.
ലൈബ്രറി കീഴടക്കി ഉറങ്ങാനെത്തിയ മഹാന്മാരുണ്ട്
ക്ലാസ്സ് കട്ട് ചെയ്ത് ക്യാന്റീനിൽ
സൊറ പറഞ്ഞിരിക്കുന്ന വീരന്മാരുണ്ട്.
ക്ലസ്സ് മുറിയിൽ കളിയും ചിരിയും
തമ്മിലടിയും ഒടുവിൽ പരീക്ഷ തലേന്ന്
മാത്രം പഠിക്കുന്ന ചൂടേറിയ പാഠങ്ങളും,
എൻ കലാലയ ജീവിതത്തെ മനോഹരിയാക്കി.
കൈയ്യിട്ട് വാരിയ ഉച്ചഭക്ഷണത്തിൻ
രുചി എൻ നാവിൻ തുമ്പിൽ ഓർമ്മയായിന്നും
ബാക്കി തന്നെ
എന്തിനധികം പറയണം
ഇനിയൊരു ജന്മമുണ്ടെങ്കിൽ
വരണം ഇവിടേക്ക്
എന്നെ ഞാനാക്കിയ എൻ
കലാലയ മുറ്റത്തേക്ക്
ഒന്നറിയാം നമ്മളാണ്
നമ്മുടെ ഓർമ്മകളല്ല
പടിയിറങ്ങുന്നത്



Sijin Issac
( IIIrd B.A Economics )

# ഇൻസൽട്ട് ആണ് മോനെ ജീവിതത്തിലെ ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റ്

ഒരർത്ഥത്തിൽ എന്റെ ജീവിതത്തിൽ ഈ വരികൾ മാത്രം ആയിരുന്നു ഒരുനാൾ വരെ ഉണ്ടായിരുന്നത് അങ്ങനെ ഞാൻ മിമിക്രി എന്ന കലയെ സ്നേഹിക്കാൻ തുടങ്ങിയ ദിവസം. ഏതൊരു വ്യക്തിക്കും ഉണ്ടാകുന്നപോലെ എന്റെ മനസ്സിലും ഒരു സ്വപ്നം ഉടലെടുക്കുവാൻ ഇടയായി. അനേകം വ്യക്തികൾ ഒന്നിച്ച് കൂടി വരുന്ന ഒരു വേദിയിൽ എനിക്ക് ഒരു അവസരം ലഭിക്കാൻ ഞാനും ഏറെ ആഗ്രഹിച്ചിരുന്നു. എന്റെ ഈ കാര്യം മറ്റുള്ളവരോട് പറയുമ്പോൾ അവർ എന്നോട് നമുക്ക് ചെയ്യാം അജിനെ അല്ലാതെ യാതൊരു വിധമായ അവസരവും എനിക്ക് ലഭിച്ചിരുന്നില്ല പക്ഷേ ഞാൻ അതിനെ വിട്ടുനൽകാൻ തീരുമാനിച്ചിരുന്നില്ല. പണം ഉള്ളവനെ എവിടെയും വിലയുള്ളു എന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ്. എന്റെസ്കൂൾ കാലഘട്ടത്തിലെ കലോത്സവ വേദികൾ.പക്ഷേ ആ സമയങ്ങളിലും എന്റെ വീട്ടുകാരും കൂടെ കുറച്ച് നല്ല സൗഹൃദങ്ങളും എനിക്ക് നൽകിയ പ്രചോദനം വളരെ വലുതാണ്. അങ്ങനെ ഏഷ്യാനെറ്റ് കോമഡി സ്റ്റാറിന്റെ ഓഡിഷനിൽ പങ്കെടുക്കുവാൻ ഒരു അവസരം ലഭിച്ചു. അവിടെ ചെന്നപ്പോൾ മനസ്സിലായി കലയെ സ്നേഹിക്കുന്ന അനേകം വ്യക്തികൾ ഈ ലോകത്ത് ഉണ്ട് എന്ന്. ഓഡിഷനിൽ തെരെഞ്ഞെടുക്കപെടുകയും എന്നെ പുച്ഛിച്ച് തള്ളിയവരുടെ മുൻപിൽ ജീവിതത്തിൽ ആദ്യമായി ഒരു ചാനലിൽ വരുവാൻ സാധിച്ചു. ഈ അവസരത്തിൽ എന്നെ ഒഴിവാക്കിയവർ തന്നെ അവരുടെ പരിപാട്ക്ക് എന്നെ ക്ഷണിക്കുകയും ചെയ്തു. എന്റെ കഴിവിനെ അവിടെ പ്രദർശിപ്പിക്കുവാനും ഇടയായി. ആ തുടക്കത്തോടെ മഴവിൽ മനോരമ അമൃത പോലുള്ള ചാനലുകളിൽ എന്റെ കഴിവിനെ പ്രകടിപ്പിക്കുവാൻ എനിക്ക് അവസരം ലഭിച്ചു.....


‘നമ്മുടെ ജീവിതത്തിൽ എന്തു പ്രതിസന്ധി കടന്ന് വന്നാലും നമ്മുടെ മനസ്സിൽ ആ കനൽ കെടാതെ കിടക്കുന്നുണ്ടെങ്കിൽ നമ്മൾ അതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു പ്രയത്നിച്ചാൽ ആ കനൽ ഒരു വലിയ തീഗോളമായി മാറും.



**അജിൻ വർഗീസ്**

*(Magazine Editor)*

# കലാലയത്തിലൂടെ



ഓരോ വരാന്തകൾക്കും
ക്ലാസ്സ് റൂമുകൾക്കും ഉണ്ടാകാം
ഒരുപാട് കഥകൾ പറയാൻ
ഇണങ്ങിയും പിണങ്ങിയും
തല്ലുകൂടിയും നടന്ന
സൗഹൃദങ്ങളെ പറ്റി
തുറന്നു പറഞ്ഞതും
പറയാത്തതും ഉള്ളിലൊതുക്കിയ
പ്രണയങ്ങളിലൂടെ
എന്നും ഓർമയിൽ
സൂക്ഷിക്കാൻ ചെയ്തുകൂട്ടിയ
കുരുത്തക്കേടുകളിലൂടെ
അങ്ങനെ പറഞ്ഞു
തീരാത്ത ഒരായിരം
കഥകൾ നിറഞ്ഞ
-എന്റെ കലാലയം



Reshmi Muralidharan
( IIIrd B.A Economics )

# നീ എന്ന ഞാൻ........

ഒരിക്കൽ മറന്നുവെച്ച് പോയതെന്തോ അന്വേഷിച്ചാണ് യാത്ര തിരിച്ചത്. എന്തായിരുന്നു? ഒരുപക്ഷെ ഒരുപിടി ഓർമ്മകളാകാം, അല്ലെങ്കിൽ ഇന്നലെകളെ മറന്നുപോയ നോവുകളാകാം. എന്നാൽ ഏതു നിമിഷത്തിലാണ് അത് എന്നിലെ ഞാനായിരുന്നു എന്ന തിരിച്ചറിവിലേക്ക് നയിച്ചത്.അതെ! എപ്പോഴോ എന്നോട് തന്നെ ഞാനി ചോദ്യം പലവട്ടമായി ഉന്നയിക്കേണ്ടതായി വന്നിരിക്കുന്നു.

ദൂരെ അകാലത്താണെങ്കിലും വിദൂരത്താണെങ്കിലും ആ മനസ്സിനെ തിരിച്ചു കൊണ്ടുവരാൻ പലപ്പോഴായി ഞാൻ ആഗ്രഹിച്ചിരുന്നു ഏകാന്തതയിലേക്കു എന്നെ എടുത്തറിച്ച ജ്ഞാനം ഏതെന്നു തിരിച്ചയുന്നതിനു മുൻപേ തന്നെ ആ ഏകാന്തമായ ഇരുട്ടിനോട് ഞാൻ ഇണ ചേർന്നിരിക്കുന്നു

ഏകാന്തത എന്നിലെ യുവാവിനെ തന്നെ നശിപ്പിച്ചു കളഞ്ഞിരിക്കുന്നു. ചിരികൾ മാഞ്ഞു തുടങ്ങിയിരിക്കുന്നു. എല്ലാത്തിനോടുമുള്ള വിമുഖത പലപ്പോഴായി പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു

ചേർത്തുപിടിക്കാൻ കഴിയാതെ വേദനിപ്പിച്ചു അകന്നുപോയ നിമിഷങ്ങളിലാണ് മരണമെന്ന തോഴൻ സ്വാന്തനമായി കടന്നു വരുന്നത് ശാശ്വതമായ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തതും. മുന്നേ ആ നിശബ്ദതയിൽ അലിഞ്ഞുചേർന്നവർ എത്രയോ

അതിജീവിക്കേണ്ട ഈ ശത്രുവിനെ? തനിച്ചാവുന്ന എന്ന നമ്മിലെ ന്യുനതയെ ഇല്ലായിമ്മ ചെയ്യേണ്ട സമയം അതിക്രമിച്ചില്ലേ മനസ്സിന്റെ ഈ തടസ്സവാദങ്ങളെ അവഗണിച്ചു ആ സന്തോഷ ദിനങ്ങളിലേക്ക് തിരികെ



Shamnad Ansari
( IIIrd B.Sc Chemistry )

# MESSI THE REAL HERO




1987 24 ന് ജോർജ്ജ് ഹൊറാസിയോ മെസ്സിയുടെ (ഫാക്ടറി തോഴിലാളി) സെലിയണറിയ കുമിറ്റിനിയുടെയും (തൂപ്പുകാരി) മകനായി അർജൻന്റീനയിലെ റൊസാരിയോ എന്ന സ്ഥലത്താണ് മെസി ജനിച്ചത് 5-ാം വയസ്സിൽ തന്റെ അച്ഛൻ പരിശീലിപ്പിച്ചിരുന്ന ഒരു പ്രാദേശിയ ക്ലബ്ബായ ഗ്രൻഡോളിയിൽ ചേർന്ന് മെസി ഫുട്ബോൾ കളിക്കാൻ തുടങ്ങി. 1995 ൽ പ്രാദേശിക പട്ടണമായ റൊസാരിയോവിലെ ഒരു ക്ലബ്ബായ ന്യൂവെൽസ് ഓർഡ് ബോയ്സിൽ ചേർന്നു. 11-ാം വയസ്സിൽ അദ്ദേഹത്തിന്റെ വളർച്ചക്ക് ആവശ്യമായ ഹോർമോണിന്റെ  കുറവ് തിരിച്ചറിയപ്പെട്ടു. അർജന്റീനയിലെ ഒരു പ്രമുഖ ക്ലബ്ബായ റിവർ പ്ലേറ്റിന് മെസ്സിയുടെ കഴിവിൽ വിശ്വാസമുണ്ടായിരുന്നു. എങ്കിലും മാസം തോറും 900 ചെലവാക്കികൊണ്ട് അദ്ദേഹത്തെ ചികിത്സിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. എന്നാൽ ബൽസലോണയുടെ സ്പോർട്ടിംഗ് ഡയറക്ടരായിരുന്ന കാർലെസ് റെക്സാച്ച് അദ്ദേഹത്തിന്റെ കഴിവിനെ പറ്റി ബോധവാനായിരുന്നു. മെസിയുടെ ബന്ധുക്കൾ സ്പെയിനിലെ കാറ്റലോണിയായിലെ ലെയ്ഡയിൽ ഉണ്ടായിരുന്നു. മെസ്സിയുടെ കളി നിരീക്ഷിച്ചതിനുശേഷം ബാർസലോണ അദ്ദേഹവുമായി കരാറിലേർപ്പെട്ടു. അദ്ദേഹം സ്പെയിനിലേക്ക് മാറി താമസിക്കാമെഹ്കിൽ ചികിത്സക്കുള്ള പണം ക്ലബ്ബ് ഏറ്റുകൊള്ളാം എന്ന് അവർ പറഞ്ഞു. ഇതനുസരിച്ച് അദ്ദേഹത്തിന്റെ കുടുംബം യൂറേപ്പിലേക്ക് മാറി താമസിക്കുകയും അദ്ദേഹം ക്ലബ്ബിന്റെ മൂന്ന് ടീമുകളിൽ കളിച്ച് തുടങ്ങുകയും ചെയ്തു.

2004 ജൂണിൽ പരാഗ്വേക്കെതിരെ ഒരു അണ്ടർ -20 സൗഹൃദ മത്സരത്തിലായ് അർജന്റീനക്ക് വേണ്ടിയുള്ള മെസ്സിയുടെ അരങ്ങേറ്റം. 2005 ൽ നതർലൻസിൽ വച്ച് നടന്ന 2005 ഫിഫ വേൾഡ് യൂത്ത് ചാമ്പ്യൻഷിപ്പിൽ അർജൻറീന ജേതാക്കളായപ്പോൾ ആ ടീമിൽ അംഗമായിരുന്നു മെസ്സി. ആ ചാമ്പ്യൻഷിപ്പിലെ സ്വർണ്ണപ്പന്തും സ്വർണബൂട്ടും മെസിയാണ് നേടിയത്. 2006 ലേകകപ്പിൽ പരിക്ക് മൂലം മെസ്സിക്ക് 2 മാസത്തോളം കളിക്കളത്തിൽ നിന്നും വിട്ടു നിൽക്കേണ്ടതായി വന്നു. 2005-2006 സീസണിന്റെ അവസാനത്തിൽ 2006 ലോക കപ്പിൽ മെസ്സിയുടെ സാന്നിദ്ധ്യം ഉണ്ടാവുമോയെന്ന സംശയംപോലുമുണ്ടായി. എന്നിരുന്നാലും 2006 മെയ് 15 ന് ലോകകപ്പിലേക്കുള്ള ടീം തെരഞ്ഞെടുത്തപ്പോൾ മെസ്സി അതിലുണ്ടായിരുന്നു. 2007 ജൂൺ 29 ന് മെസ്സി കോപ്പ അമ്മേരിക്കയിലെ ആദ്യ മത്സരം കളിച്ചു. പര മ്പരയിലെ ആദ്യ മത്സരമായിരുന്നു അതിൽ അർജന്റീന അമ്മേരിക്കയെ 4-1 ന് തോൽപ്പിച്ചു.. അർജന്റീനയിൽ വച്ച് നടന്ന കോപ്പ അമ്മേരിക്കയിൽ മെസ്സി പങ്കെടുത്തു. ഗോളൊന്നും നേടാൻ കഴിഞ്ഞില്ലെങ്കിലും 3 അസ്റ്റുകൾ നടത്താൻ മെസ്സിക്ക് കഴിഞ്ഞു. 2018 ൽ അർജന്റീനക്ക് ഒരു ലോകകപ്പ് എന്ന ലക്ഷ്യവുമായാണ്. മെസ്സി റക്ഷ്യയിലെത്തിയത്. എന്നാൽ മികച്ച രീതിയിൽ മുന്നോട്ട് പോകാൻ ഴിഞ്ഞില്ല. എന്നാൽ നൈജീരിയെ നേരിട്ട മെസ്സിയും കൂട്ടവും 2-1 വിജയിച്ചു. മെസി ഒരു ഗോൾ നേടി മാൻ ഓഫ് ദി മാച്ചായി. കാറ്റ് നിറച്ച പന്തിന് പിന്നാലെ നിലം തൊടാതെ ഓടികിതച്ച് മുട്ടുകാലിൽ കയ്യും കുത്തി കുനിഞ്ഞു നിന്നു. ശ്വാസം വിടുന്ന ആ സുഖം ഒരു പ്രണയത്തിനും തരാൻ സാധിക്കില്ല

എന്ന വളർച്ച മുരടിപ്പ് രോഗം ബാധിച്ച് 9-ാം വയസിൽ സ്വന്തം ജീവിതം കൈവിട്ട് പോകുമെന്ന നിലയിൽ നിന്ന് ഇത്ര ദൂരം വിജയകരമായ് സഞ്ചരിച്ച് മഹാത്ഭുതമെന്ന് മെസ്സി എന്ന വീരൻ

എത്ര ഉയരമുണ്ട് എന്നതിലല്ല എത്ര ഉയരുന്നു എന്നതിലാണ് കാര്യം



Reshmi Muralidharan
( IIIrd B.A Economics )

# ദളിതൻ



**പാ**ടത്തിറങ്ങി മെയ്ത് മെതിക്കുന്നവന്റെയും

വിറക് വെട്ടുന്നവന്റെയും, ഓലപ്പുരയിൽ
അന്തിയുറങ്ങുന്നവന്റെയും, പട്ടിണികിടന്ന്
മരിക്കുന്നവന്റെയും പേരായിരുന്നു ദളിതൻ
പറയിപെറ്റ പന്തിരുകുലത്തിൻ
പെട്ടവരാണെങ്കിലും യജ്ഞവാൻ വിധിച്ചും
പുലയനും പുലയൻ മക്കളും
അദ്ധ്വാനിക്കാനായ് ജനിച്ചവരെന്ന്
മണ്ണിന്റെ കറുത്തമക്കളെ നിഷേധികളെന്ന്
മുദ്രകുത്തി മേലാള വർഗ്ഗം
നെല്ലിട്ട് പത്തായം നിറച്ചാൽ അടിയാന് കൂലി നാഴി നെല്ല് മാത്രം
രാവിനെപ്പകലാക്കി ഞങ്ങളുടെ
അച്ഛനപ്പൂപ്പൻമ്മാർ പണി എടുത്തിട്ടും

കഞ്ഞിവെള്ളം ഉപ്പിട്ട് മോന്തിയിട്ടും
അവഗണന മാത്രം ബാക്കിയായി
അവനാണ് ദളിതൻ



Remya Balan
1st M.A
Economics

# പ്രളയം



കലിതുള്ളി കാലം തെറ്റി പെയ്ത പേമാരിയും
ആ പേമാരിയെ തൻ സഖിയായി
ചുംബിച്ചതെന്നലും
അറിഞ്ഞിരുന്നില്ല ഇത് പ്രളയമെന്ന
സത്യമാണെന്ന്.

മനുഷ്യന്റെ വികൃതികൾക്ക്
മറുപടിയായെത്തിയ
പ്രക്രിതിതൻ വികൃതിതൻ പ്രളയം
നാമൊന്നിച്ചു കണ്ട കാഴ്ച്ചപോലെ
കാഴ്ച്ചകളും
നാമൊന്നിച്ചു നനഞ്ഞ പെയ്തൊഴിഞ്ഞ മഴയും
നാമൊന്നിച്ചു മുങ്ങിയ അന്യം നിന്ന
പുഴകളും തോടുകളും
നമ്മെ നാമായി മാറ്റിയ
നമ്മിലെ നന്മ എന്തെന്നു
പഠിപ്പിച്ച പ്രളയം

ആടി ഉലഞ്ഞ തെന്നൽ ചൊല്ലി
ഇതിൽ കാരണം ഞാനല്ല നീ തന്നെ
ആടി തിമിർത്ത പേമാരി ചൊല്ലി
ഇതിൽ കാരണം ഞാനല്ല
നീതന്നെ

ആഘോഷ ലഹരിയിൽതൻ
ഭൂമിയിൽ പിറന്ന മക്കൾ അറിഞ്ഞില്ല
തൻ ജീവൻ അറിഞ്ഞില്ല
ഇതിൽ കാരണം ഞാനാണെന്ന്

ജീവിതം എന്തെന്ന് തൻ
ഭൂമിയിൽ പ്രകൃതിയാൽ പഠിച്ച
ജീവറ്റ ശകലങ്ങൾ പിന്നെയും
ബാക്കി..... ഈ ഭൂമിതൻ മടിത്തട്ടിൽ

മാലോകരുമൊക്കെ
ഒന്നിച്ചുട്ടിയുറപ്പിച്ച
പ്രളയമെന്ന സത്യം
നാം തിരിച്ചറിഞ്ഞു

ജീവിത സൗഖ്യ സുഖങ്ങൾഇത്രേയുംഉള്ളെന്നു
കാണിച്ചു തന്ന പ്രകൃതിതൻ രോഷമാരുന്നു  പ്രളയം
പ്രകൃതിതൻ വികൃതിയാകുന്നു പ്രളയം

Souparnika.M. Nair
IInd M.A  Economics



# സൈന്യവും രാഷ്ട്രീയവും



Jelin Renji
IInd B.Sc Chemistry

ഒരു ജനാതിപത്യ കാരണത്തിൽ ഒരു സായുധന പ്രഷഷണലിസത്തിന്റെയും സൈനിക ഉടമസ്ഥത്തിന്റെയും ഉയർന്ന നിലവാരം പുലർത്തേണ്ടതാണ്. ഈ നിയമം സായുധ സേനയിൽ ഉള്ള ഓരോ സൈനികർക്കും വ്യക്തിഗത തലത്തിൽ ബാധകമാണ്. ഇന്ത്യയുടെ കാര്യത്തിൽ ഇന്ത്യൻ സായുധ സേനയുടെ മുഴുവൻ അടയാളവും അവർ എല്ലായ്പോഴും അരാഷ്ട്രീയവും മതി അടയാളവും തുടരുന്നു എന്നുള്ളതാണ്. അവർ ആഭ്യന്തര രാഷ്ട്രീയത്തിൽ നിന്ന് മാറിനിൽകുകയും അരാഷ്ട്രീയവും മതേതരവുമായ ഉന്നതമായ പ്രൊഷഷണലിസവും സൈനിക ഉടമസ്ഥയും പ്രകടിപ്പിച്ചിരിക്കുകയും ചെയ്യുന്നു. അത് കൊണ്ട് തന്നെ പാക്കിസ്ഥാൻ പോലുള്ള രാജ്യങ്ങളിൽ നടക്കുന്നത് പോലുള്ള സൈനിക അട്ടിമറികൾ ഇന്ത്യയിൽ നടക്കുന്നില്ല പാക്കിസ്ഥാനിലെ പട്ടാളം അവിടുത്തെ രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളിൽ കയറി ഇടപെടാറുണ്ട് എന്നാൽ ഇന്ത്യൻ സേന തികച്ചും മികച്ചരീതിയിൽ ആണ് പ്രവത്തിക്കുന്നത്.

പക്ഷെ ഇപ്പോൾ അത് വളരെയധികം മുൾമുനയിൽ നിൽക്കുന്നതായി സമീപകാലത് പുറത്തുവന്ന പല വാർത്തകളിൽ നിന്നും വ്യക്തമാകുന്നത് അതിനു ഒരു ഉദാഹരണമാണ് C D S ബിപിൻ റാവുത് (മുൻ കരസേനാമേധത Anti CAA Protest (Dec 2019 ) എതിരെ പ്രതികരിച്ചു. വിദ്യാർഥികൾക്ക് എതിരെ നടത്തിയ വിമർശനം അതുപോലെതന്നെ അദ്ദേഹം ആസാമിലെയും കാശ്മീരിലെയും രാഷ്ട്രീയ വിഷയങ്ങളെ പറ്റി വിമർശിച്ചതും ഇതിനു ഉദാഹരണമാണ്.

ഇങ്ങനെ സംസാരിക്കുന്നത് വർധിച്ചാൽ അത് ഇന്ത്യൻ സായുധ സേനയുടെ അരഷ്ട്രീയവും മതേതരവും സ്വഭാവത്തെ ബാധിക്കാൻ സാദ്ധ്യതകൾ ഏറെയാണ്. ഇതിനു തുടക്കം കുറിച്ചത് മുൻപ് കരസേന ആയിരുന്ന gen വി.കെ സിംഗ് ആണ്. തുടർന്ന് അദ്ദേഹം ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയിൽ അംഗം ആകുകയും ചെയ്തു. പക്ഷെ മുൻപ് ഉണ്ടായിരുന്ന ഭൂരിഭാഗം മേധാവിമാരും അരാഷ്ട്രീയമായ നിലപാട് കൈക്കൊള്ളുന്നതാണ് നമ്മുക്ക് കാണുവാൻ സാധിച്ചത്. സായുധ സേനയുടെ പ്രൊഷഷണലിസത്തിന്റെ നിലവാരം മേധാവികൾ തൊട്ടു താഴെത്തട്ടിലുള്ള ഒരു ജവാനിൽ വരെ ഒരേ രീതിയിൽ നിലനിന്നു പോകുന്ന ഒന്നു തന്നെയാണ്.

പക്ഷെ കുറച്ചു നാളുകളായി ഇതിന് കോട്ടം സംഭവിക്കാൻ സാധ്യതകൾ ഏറെയാണ്. ഇത് സേനയുടെ ഉള്ളിലെന്നെ politisation നും കാരണമാവും ഇന്ത്യൻ political class ഉം ഗവൺമെന്റും സായുധസേനാ ആഭ്യന്തര രാഷ്ട്രീയത്തിനും തമ്മിൽ കൃത്യമായ ഒരു അതിർത്തി ഇടേണ്ടതാണ്. അത് പോലെ തന്നെ അനാവശ്യമായി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരെ ഒരു കാരണവശാലും ഉയർന്ന പദവികളിലേക്ക് ഉയർത്തുകയും അരുത്.

---

# നീറുന്ന മനസ്സും കരയുന്ന ഹൃദയവും




Noel Philip
IInd B.com C.A

അകന്നു നിൽക്കുമ്പോൾ അറിയുന്ന വേദന
ഏകയായി ഇരിക്കുമ്പോൾ മനസ്സിൽ ഓടിയെത്തുന്നു
വേദനിപ്പിക്കുന്ന ഈ ഓർമ്മകൾ എന്നെവിട്ടുപിരിയില്ല
സ്നേഹിച്ചു തീരും മുമ്പുതന്നെ
സ്നേഹം മനസ്സിൽ തൊട്ടറിയുന്നതിനുമുമ്പുതന്നെ
വേർപാടിന്റെ അറിയിപ്പു എന്നെതേടിയെത്തി.
എന്തിനു നീ എന്നെ വിട്ടുപോയി പ്രിയേ
നിന്റെ ഓർമ്മകൾ എന്നെ വേദനിപ്പിക്കുന്നു
കണ്ടിട്ടും കാണാത്തതുപോലെ നിന്നതും
മുമ്പിൽ വന്നിട്ടും മിണ്ടാതെ പോയതും
എല്ലാം മനസ്സിൽ നൊമ്പരത്തിന്റെ കൂടാരം.....
എന്റെ ഹൃദയം ഒരു വേദന ആയി മാറി
അഴലിന്റെ ആഴങ്ങളിൽ നീ എന്നെ ഒറ്റപ്പെടുത്തി
ഹൃദയം നഷ്ട്ടപ്പെട്ട ഒരു മനുഷ്യനായി തീർന്നു ഞാൻ
ഞാൻ ഇതാ വിട പറയുന്നു നിന്നോടും........

# കറുപ്പ്

**"മഞ്ഞപിത്തം വന്നവർക്ക് കാണുന്നതെലാം മഞ്ഞയായി തോന്നും"**
ഇത് ഇവിടെ കിടക്കട്ടെ

നമ്മുടെ ചിന്തകളാണ് നമ്മെ മുന്നിലേക്ക് നയിക്കുന്നത്. ഒരു മനുഷ്യനെ അവന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുക്കുന്നത് അവന്റെ ചിന്താരീതിയും, ജീവിതാനുഭവങ്ങളുമാണ്. ഒരാളെ നല്ല ഒരു വ്യക്തിയാക്കുന്നതിൽ പ്രധാനമായും ഒരു പങ്ക് അവനെ മറ്റുള്ളവർ എങ്ങനെ പരിഗണിക്കുന്നു എന്നതിലുമുണ്ട് . ഒരാളെ മോശമായ് ചികത്രികരിക്കുന്നുവെങ്കിൽ, നമ്മുടെ മോശം ചിന്തകൾ അവരിലേക്ക് അടിച്ചേൽപ്പിക്കുന്നുവെങ്കിൽ നല്ല ഒരു വ്യക്തിത്വത്തിൽ നിന്നും ഒരു മോശം വ്യക്തിത്വത്തെ സൃഷ്ടിക്കുകയാണവിടെ.



ഒരാളുടെ വ്യക്തിത്വ വികസനത്തിൽ നല്ല ഒരു പങ്ക് വഹിക്കുന്നത് അധ്യാപകരാണ് മുന്നിൽ ഇനി എന്താന്ന് അറിയാതെ പകച്ചു നിൽക്കുന്നവരുടെ ഉള്ളിൽ ലക്ഷ്യബോധത്തിന്റെ കെടാവിളക്കിൽ നിന്ന് പ്രകാശം പകർന്ന് ഒരു പുത്തൻ പ്രഭാതത്തിലേക്കു നയിച്ചവരാണ് രാജ്യത്തിന് എന്നും മികച്ച വാഗ്ദാനങ്ങൾ സൃഷ്ടിച്ചത്.
ഇന്നും കഴുകൻ കണ്ണുകൾ കൊണ്ട് മാത്രം എല്ലാവരെയും നോക്കിക്കാണുന്ന ഒരു സമൂഹം നമ്മുക്കു ചുറ്റുമുണ്ട് കാലമെത്ര മാറിയാലും മുഖത്ത് എത്രയൊക്കെ വിനയവും നിഷ്കളങ്കതയും വാരിപൂശിയാലും ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന ചില ക്ലിഷേ ചിന്താഗതികൾ ഇടക്ക് പുറത്തേക്കു വരും.
എല്ലാവരെയും അടിച്ചാക്ഷേപിക്കുന്നില്ല !
ചിലരെങ്കിലും !
കാലം എത്ര തന്നെ മാറിയാലും, ടെക്നോളജികൾ എത്രയൊക്കെ വികസിച്ചാലും !
കാലത്തിനൊപ്പം മാറിയവരും, ടെക്നോളോജിക്കൊപ്പം വളന്നവരും .
ഇന്നും നൂറ്റാണ്ടുകൾക്ക് മുൻപുള്ള ഒരു ഇരുണ്ട കാലഘട്ടത്തിലാണ്.
ഒരു പക്ഷെ ! അവരുടെ ഇരുണ്ട കാഴ്ചകളാകാം, കാഴ്ചപ്പാടുകളാകാം.
നമ്മളാരും കീ കൊടുത്താൽ ചുവടുവെക്കുന്ന മരപ്പാവകളല്ല, എല്ലാവർക്കും സ്വന്തമായ വ്യക്തിത്വമുണ്ട്, കാഴ്ചപ്പാടുകളുണ്ട്
നമ്മുടെ അറിവും, അനുഭവങ്ങളും, പങ്കുവെക്കാം നമ്മുടെ അന്തമായ കാഴ്ചപ്പാടുകൾ ആരിലേക്കും അടിച്ചേൽപ്പിക്കരുത്. നമ്മൾ ചിന്തിക്കുന്നത് പോലെ ഒരാൾ ചെയ്യണമെന്ന് ശാഠ്യം പിടിക്കരുത്. നമ്മുടെ ചിന്തകൾക്കതീതമായി സ്വന്തം ചിന്തക്കും വ്യക്തിത്വത്തിലും വിശ്വസിച്ചു പ്രവർത്തിക്കുന്നവരുടെ മനസ്സിലേക്കു എത്ര തന്നെ 'കറുപ്പ്' നിറച്ചാലും കുറ്റബോധം എന്നത് ഒരിക്കലും അവരെ വേട്ടയാടുക്കയില്ല.
ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ മനസാക്ഷി നമ്മോട് സംസാരിക്കാറുണ്ട്. കളങ്കമില്ലാത്ത മനസുമായി ഒരു പുഞ്ചിരിയോടെ കാതോർത്താൽ നമുക്കത് കേൾക്കാം ..... സ്വന്തം മനസാക്ഷിക്ക് മുൻപിൽ ചെയ്തത് ശരിയെന്ന് പൂർണ്ണ ബോധമുള്ളവരുടെ ഉള്ളിലേക്ക് എത്ര 'വിഷക്കറുപ്പ്' കൊണ്ട് മൂടാൻ ശ്രമിച്ചാലും! സ്നേഹവും, വിശ്വാസവും എന്ന പ്രകാശം കടന്നുചെല്ലുക തന്നെ ചെയ്യും.
ആ കറുപ്പിനെ പാടെ നീക്കുകയും ചെയ്യും. സ്വന്തം സ്വാർത്ഥ ലക്ഷ്യങ്ങൾക്കു വേണ്ടി
കരിമേഘം മുഖപടലം അണിഞ്ഞു
മനസ്സുകളിൽ കറുപ്പ് നിറയ്ക്കുന്ന
മുഖങ്ങളെ സ്മരിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി

'ആദ്യത്തെ വരികൾ വീണ്ടും
ഓർമ്മിപ്പിക്കുന്നു'



Anandhu Aromal
IIIrd B.Sc Chemistry

# അവൾ......പെണ്ണ്




കുറച്ചു B +ve blood വേണം അത്യാവശ്യമാണ് .ഡോക്ടർ, ഇപ്പോൾ എങ്ങനെ ഉണ്ട് അവളുടെ നില ഒന്നും പറയാറായിട്ടില്ല. സംഗതി കുറച്ചു Serious ആണ്. പിന്നെ ഇത്ര സമയമായില്ലേ.... കൊണ്ടുവന്നപ്പോ ഒരുപ്പാട് വൈകി. ആ പിന്നെ പോലീസ് ഉടൻ വരും. കുട്ടിയുടെ അച്ഛന്റെയും അമ്മയുടെയും മൊഴി എടുക്കാൻ . നിങ്ങൾ എത്രയും വേഗം blood എത്തിക്കു

അത്രയും പറഞ്ഞു, ആ വാതിൽ അടഞ്ഞു അവിടിവിടായി കുറച്ചു യുവാക്കൾ നില്കുന്നുണ്ട് രണ്ട് പെൺകുട്ടികൾ കലങ്ങിയ കണ്ണുകളോടെ, ഒരാൾ മറ്റൊരാളെ ചാരി ഇരിക്കുന്നു 'എന്റെ മോള്... ഒരുപാട് വേദനിച്ചുകാണും ല്ലേ... ദേവേട്ടാ? ആ അമ്മയുടെ സാരിത്തലപ്പിൽ വീണ്ടും കണ്ണീർതുള്ളികൾ പതിഞ്ഞു. ആ സ്ത്രീയെ ആലിംഗനം ചെയ്ത്, മൂക്കിൻതുമ്പത്തിരുന്ന കണ്ണട ഒന്നുകൂടെ ഊരി അയാൾ കൈ കൊണ്ട് കണ്ണുകൾ മറച്ചു.

നാളെയോ.... എന്താ എത്ര ധൃതി? നാളെ കഴിഞ്ഞു രാവിലെ അയാൾ? ഓഹോ... എന്നാൽ നാളെ ഇറങ്ങിക്കോളൂ നീ ഒറ്റക്ക് അല്ലേ...ഞൻ സ്റ്റേഷനിൽ വരാം നേത്രാവതിക്ക് കേറാൻ പറ്റുന്ന രീതിയിൽ ഇറങ്ങണം എങ്കിലേ ഇരുട്ടും മുമ്പേ വീട്ടിലെത്താൻ പറ്റു.ആ ശരി

ബാഗ് ഒക്കെ ഇന്നലെയെ പാക്ക് ചെയ്തു. ഇന്ന് ക്ലാസ് കഴിഞ്ഞെത്താൻ ഇത്തിരി വൈകി. ഹോസ്റ്റലിൽ നിന്ന് ഇറങ്ങാനൊരുങ്ങവേ,വാർഡൻ വന്നു. എന്നോടൊന്നും തോന്നല്ലേ കേട്ടോ .... നിങ്ങളുടെ ബാച്ച് മാത്രല്ലേ ഇവിടൊള്ളു .ഈ സമയത്തു വെള്ളത്തിന് ബുദ്ധിമുട്ട് ഉള്ളോരുടെ അടുത്ത് വീടോള്ളോരോടെ ഒക്കെ വീട്ടിൽ പോകാൻ പറഞ്ഞത്. തനിക്ക് ഇവിടുന്ന് ലേശം ദൂരക്കൂടുതൽ ഉണ്ടെന്നറിയാം. എന്നാലും തനിക്കു വേണ്ടി ഈ ഹോസ്റ്റൽ തുറന്നു വെയ്ക്കേണ്ടേ? തനിക്ക് നിൽക്കണേൽ നിക്കാട്ടോ..ഞാൻ... പറഞ്ഞു എന്നേ ഉള്ളു ഫുഡ് ഉണ്ടാകാൻ വരുന്നവർക്ക് ഒക്കെ ലീവ് കൊടുക്കേണ്ടേ ? അല്ലാണ്ട് താൻ നില്കുന്നത് പ്രശ്നമായിട്ട് ഒന്നുമല്ല 'അതിന് കുഴപ്പില്ല മാം.ഞാൻ വീട്ടിൽ പൊക്കോളാം അച്ഛൻ വരും സ്റ്റേഷനിൽ.

താര ഹോസ്റ്റലിൽ നിന്നിറങ്ങി സ്റ്റേഷനിലെത്തിയപ്പോഴേക്കും നേത്രാവതി പോയിരുന്നു. ഇനി 7 മണിക്ക് ഉള്ള മാവേലി എക്സ്പ്രസ്സേ ഉള്ളു. പക്ഷെ,അതിനു കേറിയാൽ രാത്രിയാവും ഒരു കുപ്പി മാംഗോ ഫ്രൂട്ടി കുടിച്ചു വിശപ്പടക്കി അവൾ അവിടെയിരുന്നു. വീട്ടിലെത്തുമ്പോ,അമ്മ മാമ്പഴപുളിശേരിയും അയല പൊരിച്ചതും കടുമാങ്ങ അച്ചാറും ഉണ്ടാക്കി വെച്ചിട്ടുണ്ടാക്കും. എന്തോരം തുണി ആണോ അലക്കാൻ ; ഗീതു നിമ്മി ഒക്കെ ഉണ്ടാകും അവിടെ... എത്ര നാളായി അവരെ കണ്ടിട്ട് ! താരയുടെ മനസ്സ് ചിന്തകളിൽ മുഴുകി

പതിവുപോലെ, നിശ്ചയിക്കപ്പെട്ട സമയത്തിൽ നിന്നും കാൽ മണിക്കൂർ വൈകി മാവേലി എക്സ്പ്രസ്സ് എത്തി. നന്നേ ആൾ കുറവായിരുന്നു അതിൽ ദൂരം പിന്നിടുമ്പോളെക്കും യാത്രക്കാരുടെ എണ്ണം കുറഞ്ഞുവന്നു. അതിനൊത്ത് താരയുടെ മനസ്സിൽ ആധിയും ഏറി. അവൾ ഇരുന്ന ബോഗിയിൽ കുറച്ചാളുകൾ പ്രത്യക്ഷപെട്ടു. അവരുടെ പെരുമാറ്റത്തിൽ പന്തികേട് തോന്നിയ താര അടുത്തബോഗിയിലേക്കു മാറുവാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ആ കറുത്ത രാത്രിയിൽ...ഒരു സാധാരണ പെൺകുട്ടിക്ക് എത്ര മാത്രം ചെറുത്തു നില്കാനാകും ? പണവും ജീവനും കവർന്നെടുക്കുമ്പോളുള്ള അവളുടെ നിലവിളി ആരും കേട്ടില്ല,അറിഞ്ഞില്ല

ആ പെൺകുട്ടിയുടെയും അവളെ അടുത്തറിഞ്ഞ ആളുകളുടെയും ജീവിതത്തിലെ, ഒട്ടും ഓർമ്മിക്കാനാഗ്രഹിക്കാത്ത ഭയാനക രമായ സംഭവമായി ആ മണിക്കുറുകൾ മാറി.

ചെന്നായ്ക്കൾ കടിച്ചുകിറിയ, കാമവെറി തീർത്ത പിച്ചിച്ചീന്തപ്പെട്ട, നഗ്നമായ ആ ശരീരം അവർ വലിച്ചെറിഞ്ഞു. അവശിഷ്ടം വലിച്ചെറിയണമല്ലോ ഇതൊന്നുമറിയാതെ, ആ അച്ഛൻ മകളെയും കാത്ത് ആ സ്റ്റേഷനിൽ...ഓർത്തുനോക്കൂ.....മകളുടെ വരവും കാത്ത്.... നോക്കി ഇരിക്കുന്ന ആ പിതൃഹൃദയം!

ഏതാനും ഓട്ടോഡ്രൈവർമാരുടെ കരുണയിൽ,അവൾ ആശുപത്രിയിൽ എത്തിക്കപ്പെട്ടു. എങ്കിലും അവളെ രക്ഷിക്കാനായില്ല. വേദനകളും ദുഖങ്ങളും ഇല്ലാത്ത മറ്റൊരു ലോകത്തിലേക്ക് അവൾ പോയിരുന്നു... എങ്കിലും, ശേഷമുള്ള രണ്ടാഴ്ച ...പത്രത്തിലും ടി.വി യിലും വാട്സാപ്പ് സ്റ്റാറ്റസും ഹോഡ്ന്യൂസും കിട്ടിയപ്പോൾ... താര എന്ന പേരും..... സമൂഹം മറന്നു

നാളുകൾക്ക് ശേഷം ... തിരക്കുള്ള ഒരു പ്രൈവറ്റ് ബസ്, കഴിഞ്ഞ സ്റ്റോപ്പിൽ നിന്ന് കയറിയ ഒരു അമ്മാവൻ 'സ്ത്രീകൾ'എന്നെഴുതിയ സീറ്റിൽ ഇരിക്കുന്ന പെൺകുട്ടികളിൽ ഒരാളെ എഴുന്നേൽപ്പിച്ചു അവിടെ ഇരുന്നു.

അല്ലെങ്കിലും, ചില അമ്മാവൻമ്മാർക്ക് സ്ത്രീകളുടെ സീറ്റിൽ ഇരിക്കാനും, പെൺകുട്ടികളോട് വർത്തമാനം പറയാനും ഒരു പ്രത്യക ഇഷ്ടമാണല്ലോ... തികച്ചും അത്തരക്കാരനായ ആ അമ്മാവൻ അടുത്ത സീറ്റിൽ ഇരുന്ന പെണ്കുട്ടിയോട് സുഖാന്വേഷണം നടത്താൻ ആരംഭിച്ചു. ആട്ടെ, മോളേതു കോളേജിലാ പഠികുന്നെ? 'SN കോളജ് കുഞ്ഞിമംഗലം' അതേതാപ്പാ ആ കോളേജ്? ആ... പിടി കിട്ടി. ആ പെൺക്കൊച്ചില്ലേ താര.. ആരോ റേപ്പ് ചയ്തു കൊന്നു... ആ കൊച്ച് പഠിച്ച കോളേജ് അല്ലേ. (അമ്മാവന് കോളേജ് മനസിലായിരിക്കുന്നു) 'എന്നാലും അവളുടെ ഒക്കെ ധൈര്യമേ... പെൺപിള്ളേർ ആയാൽ അടങ്ങിയൊതുങ്ങി വീട്ടിൽ ഇരിയ്ക്കണം. അല്ലാണ്ട് പാതിരാത്രി,വല്ല്യ തന്റേടത്തിൽ സ്ത്രീസമത്വം പൊക്കിപ്പിടിച്ചു ഒറ്റക്ക് ഈ ട്രെയിനിൽ ഒന്നും വലിഞ്ഞുകേറുവല്ല വേണ്ടത്. വല്ല്യ ആളാവാൻ ഒറ്റക്ക് ട്രെയിനിൽ പോയതല്ലേ? ഇപ്പൊ എന്തായി. പോവണ്ടത് പോയില്ലേ...? ഈ ചെക്കന്മാരുടെ മനസ് അങ്ങനാ.... പെട്ടന്ന് എന്താ ചെയ്യുന്നുത് അവർക്ക് പോലും നിശ്ചയില്ല. അപ്പോ, നിങ്ങൾ പെണ്ണുങ്ങളാ നിങ്ങടെ കാര്യം നോക്കേണ്ടത് . രാത്രിയേ.. പെണ്ണുങ്ങളേ.. ഈ കാലത്തിന്റെ ഒരു പോക്കേ ... പുരുഷന്മാരേക്കാളേറെ സ്ത്രീകൾക്ക് നിയമങ്ങളും അവകാശങ്ങളും ഉണ്ടെന്ന് വധിക്കുന്ന ഈ കാലത്തിലൂടെ ഒരു സ്ത്രീയും സുരക്ഷതയല്ല എന്ന് ഓർമ്മിക്കട്ടെ. കാലമെത്ര തന്നെ മുന്നോട്ടു പോയാലും.... ഒരു പെണ്ണിനും സ്വതന്ത്രമായി ഒന്ന് പറക്കാൻ സദാചാരത്തിന്റെയും കാമവെറിയിലൂടെയും കഴുകൻ കണ്ണുകൾ അനുവദിക്കില്ല... അതാണ് സത്യം

അവൾ... പെണ്ണ്



Dona Tom
IIIrd B.Sc Chemistry

# മാറ്റൊലി 2020- ന്റെ പിന്നാമ്പുറം

2019-20 വർഷത്തെ കോളജ് യൂണുയന്റെ ആഭിമുക്യത്തിൽ നടത്തിയ മാറ്റൊലി 2020 ആർട്സ് ഫെസ്റ്റ് ബി.എ.എം കോളജിന്റെ ചരിത്രത്താളുകളിൽ തങ്ക ലിപികളാൽ കുറിച്ചിടണം. എന്നൊക്കെ പറത്ത് ഒരു തള്ള് .. നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്റെ പടിവാതിൽ ഇറങ്ങിപോകുമ്പോൾ കൂടെ കൊണ്ടുപോകുവാൻ എനിക്ക് കുറെയേറെ ഓർമ്മകൾ മാത്രമേയുള്ളു, അതിന്റെ കൂടെ BAM ൽ ഒരു നല്ല ആർട്സ് ഫെസ്റ്റിവൽ നടത്താൻ എന്നെകൊണ്ട് സാധിച്ചു എന്നുള്ള ആത്മസംതൃപ്തിയും. മാറ്റൊലിക്ക് കാഴ്ചക്കാരായ വിദ്യാർത്ഥികളാണ് BAM ലെ 90% കുട്ടികളും, അതുകൊണ്ട് ആർട്സിന്റെ പ്രത്യേകതകളെ പറ്റി ഞാൻ കൊട്ടിഘോഷിക്കുന്നില്ല. മാറ്റൊലിക്ക് തിരശ്ശീല വീണതിന് ശേഷം ഒരുപാട് ഫോൺ കോൾസും മെസേജസും എനിക്ക് വന്നു. ആദ്യം ഞാൻ ഓർത്തു തെറിവിളിക്കാൻ വേണ്ടിയായിരിക്കും പിള്ളേർ വിളിക്കുന്നെ എന്ന്.

ഒരു കുട്ടി പറഞ്ഞു ചേട്ടാ ആർട്സ പൊളിയായിരുന്നു എന്ന്. അത് കേട്ടപ്പോൾ സന്തോഷത്തെക്കാൾ സങ്കടമാണ് ഉണ്ടായത്. അതിന്റെ  കാരണം വേറെയല്ല. ഒരു നാലര മാസത്തിന്റെ കഷ്ടപ്പാടും ടെൻഷനും, സ്ട്രസ്സും ഉറക്കിളയും ഞാൻ ഓർത്ത് പോയി. അതിന്റെ ഫലമാണല്ലോ ഈ കേൾക്കുന്നേ എന്ന് ഓർത്തപ്പോൾ കണ്ണു നിറഞ്ഞുപോയി. കൂടുതലും മെസേജസ്സ് ഇങ്ങനെയായിരുന്നു ആർട്സ് ഫെസ്റ്റ കിടു, ഞങ്ങൾ ഒരുപാട് എൻജോയ് ചെയ്തു. ഇതൊക്കെ ഫസ്റ്റ് ഇയർ, സെക്കന്റ് ഇയർ വിദ്യാർത്ഥികളുടെ അഭിപ്രായമാണ്. ഇതൊന്നുമല്ലാതെ ഞാൻ വിചാരിക്കാതെ കുറെ എക്സ്ക്ല്യൂസീവ് കക്ഷികളുടെ അവരുടെ കോൾസ് ആണ് എന്നെ കൂടുതൽ സ്വാധീനിച്ചത്. അത് വേറെയാരുമല്ല തേർഡ്  ഇയർ വിദ്യാർത്ഥികളാണ്. അവർ എന്നോട് പറഞ്ഞത് ടാ മൂന്നു വർഷമായി ഇവിടെ പഠിക്കുന്നു എല്ലാ ആർട്സിനും ആദ്യ ദിവസം വരും ഉച്ചയാകുമ്പോൾ മടുക്കും മടങ്ങി പോകും, പക്ഷേ ഈ കൊല്ലം നീ ഞങ്ങൾക്ക് തന്നത് മറക്കാനാവാതെ കുറച്ച് ഓർമ്മകൾ മാത്രമല്ല അനുഭവം കൂടിയാണ് ഇത് കോട്ടോ അനുഭവം പറഞ്ഞറിയിക്കാൻ പററില്ല. എല്ലാവർക്കും അവരുടെ ഉള്ളിൽ ഒരോരോ കഴിവുകൾ ഉണ്ട് എന്ന സത്യം എനിക്ക് അപ്പോൾ മനസ്സിലായി അത് മനസ്സിലാക്കി തന്നത് BAM ആണ്. എന്റെ ക്യാമ്പസ് ഞാൻ എന്ന എന്നേ ആക്കി മാറ്റിയ ക്യാമ്പസ്.   നിങ്ങൾ ആരും ക്യാമ്പസ് ലൈഫ് പാഴാക്കി കളഞ്ഞിട്ട് ഇറങ്ങിപോവരുത് നമ്മളെകൊണ്ട് പറ്റുന്നത് മറ്റുള്ളവർക്ക് വേണ്ടി ചെയ്ത് കൊടുത്തിട്ട് ഇറങ്ങി പോവണം. അത് അല്ലെങ്കിൽ എന്തെങ്കിലും സ്വന്തമായിട്ട് നേടിയെടുത്തിട്ട് പോവണം. എന്റെ കല്യാണസമയത്ത് ഞാൻ പെണ്ണുചോദിക്കുന്നത് ഒരിക്കലും ഒരു ബി.കോം. ഡിഗ്രി സർട്ടിഫിക്കേറ്റ് -ന്റെ അഹങ്കാരം കൊണ്ട് ആയിരിക്കില്ല. മറിച്ച് 2019-20 വർഷത്തെ BAM College Union ന്റെ ആർട്സ് ക്ലബ് സെക്രട്ടറി ആയിരുന്നു എന്ന് പറഞ്ഞ് ആയിരിക്കും. പഠിക്കണം അതിനൊടൊപ്പം ക്യാമ്പസ് ലെ ഒരോ മൊമെന്റ്സ് എക്സ്പീരിയൻസ് ചെയ്യണം അങ്ങനെയല്ല എങ്കിൽU wasting your age ഈ ബോധം എല്ലാ എന്റെ ഉള്ളിൽ ഉണ്ടാക്കി തന്നത് ഒരു നാലര മാസ കഷ്ടപ്പാടിന്റെ സമയത്താണ്. Flash back രാവിലെ വീട്ടിൽ നിന്ന് ഇറങ്ങും കഴിക്കാൻ ടൈം കിട്ടില്ല ക്യാമ്പസിൽ വന്നു കഴിഞ്ഞാലോ നിൽക്കാൻ സമയമില്ല... കാര്യമെന്താ, ആർട്സ് ഇങ്ങ് അടുത്തു... കാണുന്നവരും, വരുന്നവരും, പോകുന്നവരും ചോദിക്കുന്നത് വിപിനെ ഈ പ്രവശ്യത്തെ ആർട്സ് എങ്ങനാ? ഈ പ്രാവശ്യം വെറൈറ്റി ആയിരിക്കുമേല്ലാ.. ചെറു പുഞ്ചിരി മാത്രമേ എനിക്ക് മറുപടികൊടുക്കാൻ ഉള്ളായിരുന്നു. പിള്ളാരുടേയും സാറുമ്മാരുടേയുംExpection ന്റെ pressure ൽ ആയിരുന്നു ഞാൻ. അതൊരു വല്ലാത്ത വൈബ് തന്നെ ആയിരുന്നു. പിന്നെ പിള്ളേർക്ക് പ്രാക്ടീസ് അതിനുള്ള ടീച്ചേഴ്സ് കോ-ഓർഡിനേറ്റർ അത് എല്ലാം കഴിഞ്ഞ് വേണം ഫണ്ടിനെപറ്റി ചിന്തിക്കാൻ. അപ്പോളാണ് യാ മോനെ തലയിൽ കൂടി തീവണ്ടി ഓടുന്നത്. ഇതൊക്കെ മറന്ന് മനസ്സില്ലാ മനസ്സോടെയാണെങ്കിലും ഒരു രണ്ട് സെക്കന്റ് ചിരിക്കുന്നത് ഉടുതണിപോലെ കൂടെ നടക്കുന്ന കുറേ അളിയൻമാരുടെ ചളി കേൾക്കുമ്പോഴാണ്.അതിന്റെ ഇടയ്ക്ക് ബിജുസാറിനെ കണ്ട് പെർമിഷൻ ഒക്കെ വാങ്ങി പിള്ളേരെ ഇളക്കി യൂണിയൻ ഓഫീസ് തുറപ്പിച്ചുവരെയും കലാപരിപാടികളും തുടങ്ങുന്നു. ബ്രഷ് വേണം പെയിന്റ് വേണം തുണി വേണം. കൈയ്യിൽ ആണെങ്കിൽ ലക്ക്ഡിപ്പ് പിരിച്ച് 250 രൂപയേ ഉള്ളു. സർ ചോദിച്ചു എന്തിനാ വിപിനേ ഈ പടം വരച്ച് സമയവും പൈസയും കളയുന്നേ. ഞാൻ പറഞ്ഞ് സാറേ അത് എന്റെ പണ്ടുമുതലേയുള്ള ഒരു ആഗ്രഹമാണ്. മഹാരാജാസിലും, കോട്ടയം സി.എം.എസിലും ഒക്കെ ചെല്ലുമ്പോൾ സർ ആ ചെല്ലുമ്പോൾ ശ്രദ്ധിച്ചിട്ടുണ്ടോ ഫുൾ കളർഫുൾ ആയിരിക്കും പൈസാ കൊടുത്തു വാങ്ങിയതും അല്ലാതെയുമായ കുറേ ചിത്രങ്ങളും ഫ്ലെക്സുകളും കൊടുതോരണങ്ങളും നമ്മുടെ കൈയ്യിൽ പൈസ കൊടുത്തു വാങ്ങിവയ്ക്കാനായി ഒന്നുമില്ല പകരം ഇങ്ങനെ  കഴിവുള്ള കുട്ടികളെകൊണ്ട് അവരുടെ കഴിവ് പകർത്തി അത് വയ്ക്കാൻ പറ്റും. ഈ ആർട്സിനെ നമുക്കും നമ്മടെ ക്യാമ്പസ് ഒരു കൊച്ചു മഹാരാജാസ് ആക്കാൻ ശ്രമിച്ചാൽ അതിൽ തെറ്റില്ലല്ലോ സാറെ. സർ ഒന്ന് പുഞ്ചിരിച്ച് എന്റെ തോളിൽ കൈ വച്ച് അത് എന്തിനാണ് എന്ന് ഇന്ന് വരെ എനിക്ക് മനസ്സിലായിട്ടുമില്ല. തല്ലാൻ വന്നിട്ട് ആ കൈ എടുത്ത് എന്റെ തോളിൽ വച്ചതായിരിക്കുമേല്ലാ.

എല്ലാം കഴിഞ്ഞ് കോളജ് വിട്ട് പിള്ളേരെല്ലാം പോകുന്ന ടൈമിൽ ഞാനും അനന്ദുവും, അജയും, ജെംസനും, അമലും, പോത്തനും, ശശിയുംകൂടി വിയർത്ത് കുളിച്ച് വന്നു കോളജിന്റെ ഫ്രണ്ടിൽ മരചുവട്ടിൽ ഇരിക്കും അപ്പോളേക്കും ക്യാൻന്റീനും അടക്കും എന്നിട്ടും പണി തീർന്നിട്ടില്ല. പ്രോഗ്രാം ലിസ്റ്റിന്റെ കോപ്പി എടുക്കണം, പിറ്റേ ദിവസത്തേക്കുള്ള പെയിന്റും ബാന്നറും വാഹങ്ങി വേണം പോവാൻ ഇടുക്കുള  ലിൻജു ചേട്ടന്റെ കൈയ്യും കാലും പിടിച്ച് യൂണിയൻ ഓഫീസ് പൂട്ടരുത് എന്നും പറഞ്ഞ് ഓടിപ്പോയി ഈ സാധനങ്ങൾ എല്ലാം വാങ്ങി അതിൽ കൊണ്ട് വച്ചിട്ട് വേണം വീട്ടിൽ പോവാൻ. വീട്ടിൽ ചെന്നുറങ്ങാൻ കിടന്നാലോ കണ്ണടയാതെ ഇരിക്കാൻ ഓടിയെത്തും കുറെയേറെ ടെൻഷൻ. ഗസ്റ്റിനെ വിളിക്കാൻ ഫണ്ട് ആയിട്ടില്ല പിള്ളേര് ലക്കിഡിപ്പ് പിരിക്കുന്നില്ല

കൈയ്യിൽ പത്തിന്റെ പൈസ ഇല്ല പക്ഷേ ആർട്സ് കളർഫുൾ ആക്കണം ഈ ഒരൊറ്റ.routine ൽ നാലര മാസം കടന്ന് പോയി.കുറെയേറെ കടമ്പകൾക്ക് നടുവിൽ ഞാനും യൂണിയൻ മെമ്പേഴ്സും. എല്ലാ തവണയും ആർട്സിന്റെ ആവേശം കുട്ടികളിൽ എത്തിക്കാൻ ഒരു കലാജാത സംഘടിപ്പിക്കും. വാസ്തവം എന്താന്ന്വച്ചാൽ പകുതിയിലധികവും കുട്ടികൾ പടുതോട് വഴിക്ക് വീട്ടിൽ പോകും കുറച്ച് പേർ ക്യാൻന്റീനിൽ ഇരിക്കും ബാക്കി കുറച്ച് പേർ ബൈക്ക് ഷെഡിലും ഇരുക്കും. ഇതാണ് വർഷങ്ങളായി കണ്ട് വരുന്ന ഒരു കാഴ്ച. പക്ഷെ എന്നേയും യൂണിയൻ മെമ്പർ നെയും സാറുന്മാരേയും കുട്ടികളേയും അതിശയപ്പെടുത്തി ഒരു കാഴ്ചയാണ് ഈ വർഷത്തെ കലാജാഥ ക്യാമ്പസിൽ പടിക്കുന്ന ഒരു 85% കുട്ടികളും കലാജാഥയിൽ കാണാൻ സാധിച്ചത്. അത് ഒരു നന്ദി പറച്ചിലിൽ തീർക്കാൻ പറ്റാത്ത കടപ്പാടാണ് എനിക്ക് ബി.എ.എം. ലെ വിദ്യാർദ്ധികളോട് ഉള്ളത്. പിന്നേയും എന്റെ പ്രഷർ കൂടി കാരണം പിള്ളേർ ഒടുക്കത്തെ ആകാംഷയിൽ ആണ് എന്ന് എനിക്ക് മനസ്സിലായത് കലാജാത കണ്ടപ്പോഴാണ്.അവസാന ഘട്ടമായ റ്റൈറ്റിൽ ലോൻഞ്ചും എത്തി. എല്ലാ പ്രാവശ്യവും കോളജിന്റെ ഒരു പെട്ടിസ്പീക്കറിൽ പാട്ടിട്ട് കുട്ടികൾ ഫ്ലാഷ് മൊബൈൽ കളിച്ചാണ് റ്റൈറ്റിൽ പുറത്തുവിടുന്നത് ഈ പ്രാവശ്യം അതും എങ്ങനെ മാറ്റിപ്പിടിക്കാമെന്നൊർത്തപ്പോഴാണ് ബി.എ.എം കോളജിന്റെ ഫ്രണ്ട് എന്റർൻസ് കണ്ണിൽ പെട്ടത് അവിടെ നിന്ന് റ്റൈറ്റിൽ ബാനർ വർണ്ണപേപ്പറിൽ ചുരുട്ടി താഴോട്ട് ഇട്ടാലോ..... അനന്ദു പറഞ്ഞു അതു കൊള്ളാടാ... അപ്പോൾ ഒരുകോൺഫിഡൻസ് കിട്ടി പിന്നേയും പ്രശനമുണ്ട് കോളജിന്റെ പതറിച്ചയുള്ള സ്പീക്കറിൽ പാട്ട് ഇട്ടാൽ പരിപാടി എറിക്കത്തില്ല. ഒന്നും നോക്കിയില്ല വായ്പ്പൂരുള്ള കണ്ണനെ വിളിച്ചു(സൗണ്ട് സിസ്റ്റം ഓപ്പറേറ്റർ)വിളിക്കേണ്ട താമസം തൃച്ചേർപ്പുറം അമ്പലത്തിലെ പണിയും കളഞ്ഞിട്ട് കണ്ണൻ ദേ വന്നു 4 പെട്ടി സ്പീക്കറുമായി കോളജിന്റെ അനുവാദംപോലും വാങ്ങിച്ചിട്ടില്ല. വിപിനെ സാധനം റെഡി എന്ന് പറഞ്ഞ് കണ്ണൻ പണി തുടങ്ങി. ഞാൻ ഓടിചെന്ന് ബിജു സർ നോട് ചോദിച്ച് ഓഫീസിൽ നിന്ന് കറന്റ് എടുത്തു പാട്ടും ഇട്ട് പിള്ളേര് ഡാൻസും തുടങ്ങി. അങ്ങനെ റ്റൈറ്റിൽ ലോൻഞ്ചും കഴിഞ്ഞു. റ്റൈറ്റിൽ ലോൻഞ്ചിനെകുറിച്ച് കൂടുതൽ പറയുന്നില്ല അത് കണ്ടവർക്ക് മനസിലാവും



Vipin Vijayan
( Arts Club Secretary )

എല്ലാം കഴിഞ്ഞ് ഒടുവിൽ ഫെബ്രുവരി പ്രഭാതം സൂര്യരശ്മികൾ തിളങ്ങി നിൽക്കുന്ന കുരുത്തോലകളും കരകൗശലവസ്തുക്കളും വർണ്ണകടലാസ്സുകളും, ഛായചിത്രങ്ങളും നടുവിൽ സുന്ദരിയായ ബി.എ.എം. ഉം. കോളജ് യൂണിയന്റെ ആർട്ട്സ് ക്ലബ് സാർ ആയി തിരഞ്ഞെടുക്കപ്പെട്ട അന്നുമുതൽ ഉള്ള ആഗ്രഹമാണ് എന്ന് ആർട്ട്സിന് കണികൾക്കിടയിൽ എന്റെ അമ്മയും ദേവും ഉണ്ടയിരിക്കണം എന്നത്.അത് സാധിച്ചു തന്ന സർവ്വേശ്വരന് ഒരായിരം നന്ദി.രണ്ടാം ദിവസം ഡെയ്ൻ ഡേവിസ് നെ കാത്ത് ഒരു കൂട്ടം വിദ്യാർത്ഥികൾ എന്നു പറയുന്നതിലും നല്ലത് ബി.എ.എം. ക്യാമ്പസ് മുഴുവനും ഡി.ഡി.ക്ക് വേണ്ടി കാതോർത്ത് നിന്നു. മൂന്ന് മണികഴിഞ്ഞാൽ വീട്ടിൽ പോവുന്ന വിദ്യാർത്ഥികൾ 4.30 ആയിട്ടും കോളജ് വിട്ട് പോവാതെ തടിച്ചുകൂടി നിന്നു. വാഹനാകമ്പടിയോടുകൂടെ നമ്മുടെ ഡി.ഡി ക്യാമ്പസിൽ വന്നു കയറി അതിലും വലിയ ഒരു മഹാഭാഗ്യം എന്റെ ജീവിതത്തിൽ ഉണ്ടാവില്ല. ഡെയ്ന്റെ കോമഡിയും പാട്ടിലും വിദ്യാർത്ഥികളും സാറുന്മാരും ഇളകിമറിഞ്ഞു. എവർറോളിങ്ങിംഗ് ചാമ്പൻഷിപ്പ് ട്രോഫി ഡെയ്ൻ, ടീം ഡയമഡ് ചാമ്പ്യൻമാരായ ഷമ്മനാദിനും കൈമാറി **മാറ്റൊലി 2020** ഇത്രയും മനോഹരമാക്കി തീർത്ത എല്ലാ വിദ്യാർത്ഥികൾക്കും അദ്യാപകർക്കും, അനദ്യാപകർക്കും ഒരുപാട് നന്ദി. മാറ്റൊലി 2020 മാറി നിന്ന് ആരും പുഛിചിട്ടില്ല എന്നാണ് എന്റെ വിശ്വസം. ബിജു സാറിനോടുള്ള പ്രത്യേക നന്ദിയറിക്കുന്നു. കൂടെപിറപ്പുപോലെ കൂടെ നിന്ന എല്ലാ കൂട്ടകാരോടുമുള്ള നന്ദിയും കടപ്പാടും പറഞ്ഞുകൊണ്ട് നിർത്തട്ടെ.....

# LANGUAGE AND SOCIETY

Man is possessed of natural sociality. His disposition to bond together with his fellow for lower or for higher purposes is one of his fundamental characteristics. To understand his fellows and to be understood by them, men were impelled to the production of languages without which they could not communicate with each other. The desire of communication was the main cause of language making. Nowhere has the old proverb "Necessity is the mother of invention" received a better illustration than in the history of language, it was to satisfy the wants of daily life that the faculty of speech was the first exercised.

Language is an institution. Language is a product not of one cause but of several factors. It is, in fact a social creation, a human invention an unconscious invention of a whole community. Language making is a mere incident of social life and of cultural growth. It is as great an error to hold that at some period men are engaged in making and laying up expressions for their own future use and that of their descendants, as that, at another period, succession shall find expression. Each period provides just what it has occasion for nothing more. The production of language is a continuous process, it varies in rate and kind with the circumstances and habits of the speaking community, but it never ceases, there was never a time when it was more truly going than at present.

Thus, language is not the creation of one person or of one period but it is an institution, on which hundreds of generations and countless individual workers have worked.

The importance of language: language is a constituent element of civilization. It raised man from a savage state to the plane which he was capable of reaching, man could not become man except by language. No doubt animals also exhibit certain degree of power of communication but that is not only inferior in degree of human language,but also radically diverse in kind from it. Language is one of the most marked, conspicuous, as well as fundamental characteristic of the faculties of man. The importance of language for man and society cannot be minimized. As a personal thing, language is not only a mode of communication between individual from infancy. The child comes to know most of the things of the world through language. It is an important attribute of his personality

Firstly, language makes social contact easy. Society, as we have seen, is a web of social relationships which implies development of social contacts among the individuals. With language contacts becomes easy to be established because men can easily exchange their ideas.

Secondly, language helps or hinders the spread of culture. Ideas require language. Sometimes an idea or concept is hard to translate because the language has no words with which to express it. we are facing this difficulty in our country because Hindi, our national language does not possess terms for a number of English words used in sciences. The Hindi linguists have coined some words to replace English as a medium of instruction. These coined words are however more difficult to understand and remember than the English words. Language conserves our culture which it passes to posterity. Language may be called cultural-carrier. The culture that exists at a given time and place has come from the past and is the result of accumulation of things, attitude, ideas, knowledge, error and prejudice. The animals as we have seen are incapable of speech except for a few sounds and so incapable of having any culture and civilization. It is man alone who through language has acquired a high degree of culture and civilization. As pointed out above it raised man from savage state to a noble state.

Thirdly, language gives a capacity for conveying ideas about a great variety of things. In times whenthere was no language the ideas were transmitted by signs or cries which were not easy to interpret. Man felt great difficulty in the clear expression of states of emotion. There was no uniformity of these signs or cries. Some of these signs were quite complicated, for instance, man was denoted by extending the forefinger, the rest of the hand being shut, and drawing a line with it from the pit of the stomach down as far as can be conveniently reached. But, with the invention of language now a number of ideas and states of emotion can be conveyed in an easy and simple way. A language that could transmit an idea such as ' the flood came and destroyed the houses' through delicate variations in sound was an achievements far superior to the transmission of ideas by a variety of cries.

Thus, importance of society is clear. It has led man from mere clumsy animal to a human being in a real sense of the word. It has simplified the conveyance of ideas, smoothed social contacts, conserved our culture and transmitted it to posterity. In fact, language is very valuable possession which has elevated man from the levelof a savage to the plane of the lord of creation The people of different parts of the world speak

different languages. Not only that, people living in the same territory use different languages or speak different dialects. These differences in the language of the people of the world have served to limit inter-group communication and perpetuate social isolation. Since language is a great medium of communication the assumption has been made if the people of the world have the same language it may help a great deal in removing the culture barriers and bring the people of the world nearer to each other thereby serving the cause of international understanding and co operation. No doubt, a universal language may help in the cultural unification of the people of the world and remove misunderstanding that grow out of inability to communicate effectively, but the practical difficulty is to find out such a language. But yet no universal single language has been agreed upon and consequently the linguistic differences continue. It is also difficult for any person to learn other language more readily than the mother-tongue.



Binil Varghese Binoy
(3rd Bcom CA)

---

# TIME OF OUR LIFE

A time for us someday, there will be.
When chains are torn by courage born of love
A time when dreams so long denied
Can flourish as we unvell.
The love we now must hide
A time for us at last to see
A life worth while for you and me
And with our love through tears and throns
We will endure as we pass
Surely through every storn
A new world, a world of shining hope for you and me



Gopu Gopi
B.com CA IInd year

अनिना बि अनियन

# कोरोना और मानविकता

कितनी अजीब है, यह दु निया…

घटित होता है, हर दिन कुछ न कुछ।

बंद कर दिया मैने, इंज़ान में इंसानियत को ढूंढना।

आगया उस दिन यूं ही हलचल मचा कर, कोरोना……

एक फूट दूर कर दिया, उसने अपनों से अपनों को

सिखा दिया उसी ने, मुझे इंसानियत का हर पहलू।

आजकल बच्चों से ज्यादा प्यार प्रेमियों से है, मां को

दिखा दिया, मुझे कोरोना ने एक ऐसे मां को।

पता चला देखकर, कि मानवता अभी भी जिन्दा है।

दिखा दिया ऐसे लोगों को, कोरोना ने जो दिन रात काम करते हैं

अपने जान की परवाह न कर औरों के लिए।

बंध कर दिया था हम ने, मानवता को देखना…

…..जीवन के भाग दौड में।

जिन्दा है, फिर भी मानवता आज भी।.

…………………………….



Aneena V. Aniyan
(Ist B.Sc Botany )

# അവർ കളിക്കളം വിടുമ്പോൾ ഒരു തിരിഞ്ഞുനോട്ടം



ഭാരതത്തിന് ഔദ്യോഗികമായി ഒരു കായിക വിനോദം ഇല്ല. ഹോക്കി നമ്മുടെ ഔദ്യോഗിക കളി ആണെന്ന് വിശ്വസിക്കുന്നവരും ഉണ്ട്. എന്നാൽ ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും തങ്ങളുടെ ജീവിതത്തിലെ ഒരു അവിഭാജ്യഘടകമായി അലിഞ്ഞുചേർന്ന ഒരേ ഒരു കായിക ഇനം ക്രിക്കറ്റാണ്. ടൈഗർ പട്ടൗഡി, രഞ്ജിത്ത് സിങ്ജി, സികെ നായിഡു അങ്ങനെയുള്ള ആദ്യകാല കളിക്കാരി ലൂടെയാണ് ഇന്ത്യയിൽ ബ്രിട്ടീഷ് കായിക വിനോദത്തിന് ആരാധകർ ഉണ്ടാകുന്നത്. 1983ൽ 'കപീലിന്റെ ചെകുത്താന്മാർ' ക്രിക്കറ്റ് ലോക കിരീടം നേടിയത് മുതലാണ്. പിന്നീട് സച്ചിൻ ടെണ്ടുൽക്കർ എന്ന ഒരൊറ്റപേര് ലക്ഷോപലക്ഷം ഇന്ത്യക്കാരെ ഹരം കൊള്ളിച്ചു എന്നതിന് കാലം സാക്ഷി.

പക്ഷേ 83ലെ കിരീട നേട്ടത്തിന് ശേഷം ഇന്ത്യൻ ക്രിക്കറ്റ് ടീം അത്തരമൊരു ഉന്നതിയിലേക്ക് പോയത് തൊണ്ണൂറുകളുടെ അവസാന കാലം മുതലാണ്. അന്നുവരെ നേടിയിട്ടില്ലാത്ത പല നേട്ടങ്ങളും നേടി ലോകക്രിക്കറ്റിലെ നെറുകയിൽ ഇന്ന് ഇന്ത്യൻ ക്രിക്കറ്റ് ടീം നിലനിൽക്കുന്നുണ്ടെങ്കിൽ അതിന് കാരണക്കാരായ തൊണ്ണൂറുകളുടെ അവസാനത്തിലും പിന്നെ ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആദ്യവർഷങ്ങളിൽ മുതൽ ഇന്ത്യയുടെ നീല കുപ്പായമണിഞ്ഞ ആ ഒരു സുവർണ്ണ തലമുറയാണ്. അവർക്കൊപ്പം സച്ചിൻ ടെണ്ടുൽക്കർ എന്ന മഹാ ദൈവവും.

സൗരവ് ഗാംഗുലി എന്ന ബംഗാളി നായകൻ ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ അക്കാലത്തെ ഏറെക്കുറെ തകർന്ന അവസ്ഥയിൽ നിന്ന് ലോകത്തെ ഏത് വമ്പൻ ഓടും ഏറ്റുമുട്ടാൻ പാകത്തിലുള്ളതാക്കി തീർത്തു. നിരവധി യുവതാരങ്ങൾ അക്കാലത്ത് ഇന്ത്യൻ ടീമിനെ ഭാഗമായി പിന്നീടുള്ളത് ചരിത്രം...

വി. വി. എസ്. ലക്ഷ്മൺ, രാഹുൽ ദ്രാവിഡ്, വീരേന്ദർ സേവാഗ്, സഹീർഖാൻ, അനിൽ കുംബ്ലെ, യുവരാജ് സിംഗ്, മുഹമ്മദ് കൈഫ്, ഗൗതം ഗംഭീർ, മഹേന്ദ്രസിങ്ങ് ധോണി, ഹർഭജൻ സിംങ്ങ് അങ്ങനെ ഒരു പിടി മികച്ച കളി മുഹൂർത്തങ്ങൾ നമുക്ക് സമ്മാനിച്ച ആ കാലം. ലോകത്തിലെ ഏറ്റവും അപകടകാരികളായ ബോളർമാർ ആയ വസീം അക്രം, ഷോയിബ് അക്തർ, ബ്രെറ്റ് ലി, മുത്തയ്യ മുരളീധരൻ, ഷെയിൻ വോൺ അങ്ങനെയുള്ള വൻ സ്രാവുകളെ നേരിട്ടു വന്ന ഒരു തലമുറ എത്രയോ തവണ നമ്മളെയൊക്കെ ആവേശഭരിതരാക്കി. ബോളറുടെ കൊന്നു കൊല വിളിച്ചു ബാറ്റ് വീശുന്ന സേവാഗ്, വൻമതിൽ തീർത്ത് ദ്രാവിഡ്, പാകതയുള്ള ലക്ഷ്മൺ, ഏതു പ്രതികൂല സാഹചര്യവും ബാറ്റു കൊണ്ട് അനുകൂലമാക്കിയ യുവരാജ് സിംഗ്, എതിരാളികളെ വേഗം കൊണ്ട് ഭയപ്പെടുത്തിയ സഹീർഖാൻ, കറക്കി വീഴ്ത്തിയ ഭാജി അക്കാലത്തെ ദൂരദർശനിലെ കളികാഴ്ച ഒരു അനുഭവം തന്നെയായിരുന്നു. 2007-ലെ ടി20 ലോകകപ്പ് ഇന്ത്യയിലെത്തിച്ചത് മുതൽ ക്യാപ്റ്റൻ കൂൾ നമ്മുടെ സ്വന്തം മഹി ദാദ നൽകിയ ആ ടീമിനെ പരമാവധി ശക്തിപ്പെടുത്തി മുൻപോട്ടു കുതിക്കുന്നതാണ് നാം കണ്ടത്. ക്രിക്കറ്റിന്റെ മൂന്ന് ഫോർമാറ്റുകളിലും ഇന്ത്യ ആധിപത്യം നേടിയ കാലം. വിരാട് കോഹ്ലി, രോഹിത് ശർമ അടക്കമുള്ളവരെ കണ്ടു തുടങ്ങിയ കാലം. സുവർണ്ണ തലമുറയിലെ ചിലരൊക്കെ ഇതിനിടയിൽ കളം വിട്ടു. വേദനയോടെ നാം അത് കണ്ടു പക്ഷേ വലിയൊരു സന്തോഷം ആണ് പിന്നെ കണ്ടത് സച്ചിൻ ടെണ്ടുൽക്കർക്ക് വേണ്ടി 28 വർഷങ്ങൾക്ക് ശേഷം ഇന്ത്യ ലോകകപ്പ് നേടിയ 2011 യുവരാജ് സിങ് എന്ന ഇതിഹാസം സമസ്തമേഖലകളിലും കളം നിറഞ്ഞാടി നേടിത്തന്ന ലോകകപ്പ് ടീം ഇന്ത്യ മുഴുവൻ വിയർപ്പൊഴുക്കി നേടിയ ആ കിരീടം ഒരു ചരിത്രമാണ്..

ഇന്ത്യയുടെ എക്കാലത്തെയും മികച്ച ഒരു ടീം ചരിത്രത്തിൽ എഴുതിച്ചേർത്ത ഒരാളായിരുന്നു 2011ലെ ലോകകപ്പ് വിജയം ഏപ്രിൽ 3 രാത്രിയിൽ വാങ്കഡെയിൽ ടീം ഇന്ത്യ ലോകകപ്പിൽ മുത്തമിട്ട അപ്പോൾ ഒരു തലമുറയുടെ സ്വപ്നസാക്ഷാത്കാരം ആണ് കണ്ടത് .പിന്നീട് 2013 ഐസിസി ചാമ്പ്യൻഷിപ്പ് ട്രോഫിയിൽ യുവ ഇന്ത്യ കിരീടം മുത്തമിട്ടപ്പോഴും അമരത്ത് ഉണ്ടായിരുന്നു. സുവർണ്ണ തലമുറയിലെ ക്യാപ്റ്റൻ കൂൾ എം. എസ്. ധോണി തന്നെയായിരുന്നു നായകൻ. ധോണി ഒരിക്കൽ കൂടി കാട്ടി തന്ന അവസരം പിന്നെയും പല നേട്ടങ്ങൾ. 2020 ഈ കൊറോണക്കാലത്ത് എത്തിനിൽക്കുമ്പോൾ ആ ഇതിഹാസ തലമുറ ഏറെക്കുറെ പൂർണമായും ഇന്ത്യയുടെ നില കുപ്പായത്തിൽ നിന്ന് വിടപറഞ്ഞിരിക്കുന്നു. ഗാംഗുലിയും, ദ്രാവിഡും, ലക്ഷ്മണും മുൻപേതന്നെ കളംവിട്ടിരുന്നു. 2013ൽ ക്രിക്കറ്റിലെ ദൈവം കളിക്കളത്തോട് പറഞ്ഞു. പിന്നീട് സേവാഗ്, ഗംഭീർ, സഹീർ ഖാൻ, ഹർഭജൻ സിങ്, യുവരാജ് സിങ് അങ്ങനെ ഓരോരുത്തരും. അവസാനമായി ഇപ്പോൾ റെയ്നയും ഇന്ത്യയുടെ എക്കാലത്തെയും മികച്ച നായകൻ എം.എസ് ധോണിയും.

